# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കറുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in
ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പി3)/663 /2025

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയതി: 23/06/2025
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കറുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ഇ.കെ.എം(പ3)/663 /2025 തീയതി: 23/06/2025

## എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 04-06-2025 തീയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റേത് ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മിനു പി.കെ. | ഡെപ്യൂട്ടി ഡയറക്ടർ | 27-05-2025 | 04-06-2025 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 27-05-2025 | 04-06-2025 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി ടെസ്സി എം, ഓഡിറ്റ് ഓഫീസർ
ശ്രീ. പ്രസാദ് പി.ജി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി ബെറ്റ്സി സി.എക്സ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. കിരൺ കെ.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ലതിക ശശികുമാർ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി ഷീല ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-04-2024 | 21-04-2024 |
| ശ്രീ നെറ്റോ ബേബി അരീയ്ക്കൽ | സെക്രട്ടറി | 22-04-2024 | 28-04-2024 |
| ശ്രീമതി ഷീല ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 29-04-2024 | 15-05-2024 |
| ശ്രീ നെറ്റോ ബേബി അരീയ്ക്കൽ | സെക്രട്ടറി | 16-05-2024 | 25-07-2024 |
| ശ്രീമതി ഷീല ടി.പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-07-2024 | 06-10-2024 |
| ശ്രീ.യു.അബ്ദുൾ ഹക്കീം | സെക്രട്ടറി | 07-10-2024 | 31-03-2025 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ഷീല ടി പി | അസി.സെക്രട്ടറി | 01-04-2024 | 14-10-2024 |
| ശ്രീ ജെൻസൺ റോണി ബിവേര | അസി.സെക്രട്ടറി( ഇൻ ചാർജ്ജ്) | 15-10-2024 | 20-10-2024 |
| ശ്രീമതി. സിന്ധു എം.കെ | അസി.സെക്രട്ടറി | 21-10-2024 | 30-10-2024 |
| ശ്രീ ജെൻസൺ റോണി ബിവേര | അസി.സെക്രട്ടറി( ഇൻ ചാർജ്ജ്) | 31-10-2024 | 30-11-2024 |
| ശ്രീമതി. സിന്ധു എം.കെ | അസി.സെക്രട്ടറി | 01-12-2024 | 13-02-2025 |
| ശ്രീ ജെൻസൺ റോണി ബിവേര | അസി.സെക്രട്ടറി( ഇൻ ചാർജ്ജ്) | 14-02-2025 | 31-03-2025 |
| ശ്രീമതി അമ്പിളി കെ കെ | അസി. എഞ്ചിനിയർ | 01-04-2024 | 31-03-2025 |
| ഡോ.ജോമോൻ ചെറിയാൻ | വെറ്ററിനറി സർജൻ | 01-04-2024 | 31-03-2025 |
| ശ്രീമതി നയന രാജു | കൃഷി ഓഫീസർ | 01-04-2024 | 23-03-2025 |
| ശ്രീമതി. നിഷ പി.എസ്. | കൃഷി ഓഫീസർ | 24-03-2025 | 31-03-2025 |
| ശ്രീ.പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 31-03-2025 |
| ശ്രീമതി.പ്രിയ.പി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2024 | 31-03-2025 |

| | | | |
|---|---|---|---|
| ശങ്കുണ്ണി | | | |
| ഡോ.ചിത്ര വേലായുധൻ | മെഡിക്കൽ ഓഫീസർ - ഹോമിയോ | 01-04-2024 | 05-11-2024 |
| ഡോ.സിമി അഹമ്മു | മെഡിക്കൽ ഓഫീസർ - ഹോമിയോ | 06-11-2024 | 31-03-2025 |
| ഡോ. രാജേന്ദ്രൻ എം.എ | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ.ഗ്രീഷ്മ എസ് നായർ | മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി. അശ്വതി കൃഷ്ണ ടി പി | വി.ഇ.ഒ കറുകുറ്റി | 01-04-2024 | 31-03-2025 |
| ശ്രീ സുമേഷ് എ വി | വി.ഇ.ഒ എടക്കുന്ന് | 01-04-2024 | 19-09-2024 |
| ആനി സെബാസ്റ്റ്യൻ | വി.ഇ.ഒ എടക്കുന്ന് | 20-09-2024 | 31-01-2025 |
| ശ്രീമതി. അശ്വതി കൃഷ്ണ ടി പി | വി.ഇ.ഒ എടക്കുന്ന് | 01-02-2025 | 31-03-2025 |

ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല | 1-1-1 |
| 3 | അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-2 |
| 4 | ആസ്തി രജിസ്റ്ററിൽ നിന്നും ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്താനാവുന്നില്ല | 1-1-3 |
| 5 | സ്ഥിര നിക്ഷേപങ്ങളുടെ നീക്കിയിരിപ്പിൽ വ്യത്യാസം | 1-1-4 |
| 6 | ഡെപ്പോസിറ്റ് രജിസ്റ്റർ & അഡ്വാൻസ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-5 |
| 7 | ബജറ്റ് | 1-2 |
| 8 | സാമ്പത്തിക വിശകലനം | 1-3 |
| 9 | ഫണ്ട് വിനിയോഗം | 1-4 |
| 10 | പദ്ധതി അവലോകനം | 1-5 |
| 11 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 12 | ക്ഷേമപദ്ധതികൾ | 1-7 |
| 13 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 14 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 15 | തൊഴിൽ നികുതി - അപാകതകൾ | 1-10 |
| 16 | വസ്തുനികുതി നിർണ്ണയം - അപാകതകൾ | 1-11 |
| 17 | 01-04-2023 തീയതി പ്രാബല്യത്തിൽ പുതിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല | 1-12 |
| 18 | മൊബൈൽ ടവറിന്റെ വസ്തുനികുതി - അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം ഉൾപ്പെടുത്തിയില്ല | 1-13 |
| 19 | ഒറ്റത്തവണ കെട്ടിട നികുതിയുടെ രേഖയില്ലാതെ വസ്തുനികുതി നിർണ്ണയം നടത്തി | 1-14 |
| 20 | വാടക - അപാകതകൾ | 1-15 |
| 21 | കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിനു ശേഷം പാർക്കിംഗ് ഏരിയ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു | 1-16 |
| 22 | IFTE&OS ലൈസൻസ് - അപാകതകൾ | 1-17 |
| 23 | വാട്ടർ എടിഎം - പ്രവർത്തനക്ഷമമായിട്ടില്ല. | 1-18 |
| 24 | തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ- എണ്ണം കണക്കാക്കിയിട്ടില്ല | 1-19 |
| 25 | സ്ട്രീറ്റ് ലൈൻ വലിക്കൽ - വേല പൂർത്തിയായിട്ടില്ല. 1586182/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-20 |
| 26 | പഞ്ചായത്ത് പരിധിയിൽ സിസിടിവി സ്ഥാപിച്ചത് പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല | 1-21 |
| 27 | വാട്ടർ അതോറിറ്റി നടത്തിക്കൊണ്ടിരിക്കുന്ന പദ്ധതിയിൽ 3519600/- രൂപ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്കിന് നൽകി | 1-22 |

| | | |
|---|---|---|
| 28 | മാലിന്യ നിക്ഷേപം തടയുന്നതിന് ബോർഡുകൾ സ്ഥാപിച്ചത് - ടെണ്ടറും എസ്റ്റിമേറ്റും പ്രകാരം നിശ്ചയിച്ച നിരക്കിൽ നിന്നും എണ്ണത്തിൽ നിന്നും മാറ്റം വരുത്തി - 78755 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു | 1-23 |
| 29 | ശാസ്താം പാറ കുടിവെള്ള പദ്ധതി പദ്ധതി പൂർത്തീകരിച്ചില്ല 300000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-24 |
| 30 | ഇറിഗേഷൻ പദ്ധതികൾ ഗുണഭോക്തൃ സമിതികൾ വൈദ്യുതി ചാർജ്ജ് അടവാക്കാതെ പഞ്ചായത്ത് അടവാക്കുന്നു. | 1-25 |
| 31 | ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള അക്രഡിറ്റേഷൻ ഇല്ലാത്ത ആർട്ട്കോക്ക് ടെണ്ടർ മുഖേനയല്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് നൽകിയ 259776 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു. | 1-26 |
| 32 | വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ട് - വീട് പണി പൂർത്തിയാക്കിയിട്ടില്ല- | 1-27 |
| 33 | മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല- ₹1,48,334/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-28 |
| 34 | ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമായിട്ടില്ല- ₹7,00,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-29 |
| 35 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല-₹1,28,394/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | 1-30 |
| 36 | വാഹന വാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല | 1-31 |
| 37 | ലിഫ്റ്റ് ഇറിഗേഷൻ -അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽ നിന്നും തുക ചെലവാക്കുന്നു | 1-32 |
| 38 | ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം | 1-33 |
| 39 | ജൽജീവൻ മിഷൻ പദ്ധതി - പ്രവർത്തന പുരോഗതി | 1-34 |
| | **ഭാഗം 2** | |
| 1 | മൊബൈൽ ടവറിന്റെ വസ്തുനികുതി - അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം ഉൾപ്പെടുത്തിയില്ല | 2-1 |
| | **ഭാഗം 3** | |
| | --- No Records Found --- | |
| | **ഭാഗം 4** | |
| 1 | മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച വിവരം | 4-1 |
| 2 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്ത പ്രോജക്ടുകളുടെ വിവരം | 4-3 |
| 4 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-4 |
| 5 | മൊബിലൈസേഷൻ അഡ്വാൻസ് | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ | 4-6 |
| 7 | വായ്പ/ വായ്പാ തിരിച്ചടവ് | 4-7 |

| | | |
|---|---|---|
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |


## അനുബന്ധം


| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |

## ഭാഗം -1
## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനുവൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്, കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പരിഷ്കരിച്ച നിർദ്ദേശങ്ങളും അനുസരിച്ച് 12.05.25 ലെ 2(1) -ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.5.25 തീയതിയിൽ ചിട്ടപ്പെടുത്തുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: കാക്കനാട്
തീയതി: 23.06.2025

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase/Decrease In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് (-)₹22,75,868/- ആണ്. എന്നാൽ ഇതേ പട്ടികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+FinancingActivity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് ₹5,97,36,708/- ആണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിംഗ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ട് തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല

### 1-1-2 അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

## 1-1-3 ആസ്തി രജിസ്റ്ററിൽ നിന്നും ആസ്തികളുടെ മൂല്യം തിട്ടപ്പെടുത്താനാവുന്നില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

## 1-1-4 സ്ഥിര നിക്ഷേപങ്ങളുടെ നീക്കിയിരിപ്പിൽ വ്യത്യാസം

സ്ഥിരനിക്ഷേപങ്ങളുടെ ആകെ നീക്കിയിരിപ്പ് തുക വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല.

## 1-1-5 ഡെപ്പോസിറ്റ് രജിസ്റ്റർ & അഡ്വാൻസ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. ആയതിനാൽ വാർഷിക കണക്കിലെ പ്രസ്തുത ഇനങ്ങളുടെ കൃത്യത പരിശോധിക്കാനായിട്ടില്ല.

## 1-2 ബജറ്റ്

ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 08.02.2024 തീയതിയിലെ 1(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ച പുതുക്കിയ ബജറ്റ് 07.02.2025 തീയതിയിലെ 2(1)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

2024-25 ലെ ബജറ്റ് പ്രകാരവും, പുതുക്കിയ ബജറ്റ് പ്രകാരവുമുള്ള വരവ് ചെലവ് കണക്കുകൾ താഴെ ചേർക്കുന്നു.

| | ബജറ്റ് പ്രകാരം (₹) | പുതുക്കിയ ബജറ്റ് പ്രകാരം(₹) |
|---|---|---|
| പ്രാരംഭ ബാക്കി ഉൾപ്പെടെ ആകെ വരവ് | 38,53,69,905 | 32,53,39,554 |
| ആകെ ചെലവ് | 37,96,62,542 | 32,06,40,149 |

ബജറ്റ് ക്യാഷ് അടിസ്ഥാനത്തിലും അക്കൗണ്ട്സ് അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രിയിലും തയ്യാറാക്കിയിട്ടുള്ളതിനാലും അക്കൗണ്ട്സിനൊപ്പം സമർപ്പിക്കുന്ന റസീറ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഗ്രാന്റുകൾ പ്രകാരമുള്ള എല്ലാ വരവുകളും ആയതിൽ നിന്നുള്ള ചെലവുകളും ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാലും ബജറ്റ് ശീർഷകങ്ങളും അക്കൗണ്ട്സ് ശീർഷകങ്ങളും വ്യത്യാസപ്പെട്ടിരിക്കുന്നതിനാലും ബജറ്റും അക്കൗണ്ട്സും തമ്മിൽ താരതമ്യം ചെയ്യുന്നതിന് സാധിക്കുന്നതല്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹2,32,42,146.17 |
| വരവ് | ₹7,28,94,567.00 |
| ആകെ | ₹9,61,36,713.17 |
| ചെലവ് | ₹7,51,70,435.00 |
| നീക്കിയിരിപ്പ് | ₹2,09,66,278.17 |

വരവ്-ചെലവുകൾ വാർഷിക ധനകാര്യപത്രികയിലെ റസീറ്റ് & പേയ്മെന്റ് പത്രിക അടിസ്ഥാനമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെടാത്ത ഗ്രാന്റിനങ്ങളുടെ വിശദാംശങ്ങൾ തുടർ ഖണ്ഡികകളിൽ ചേർത്തിട്ടുണ്ട്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 1,83,57,000 | 1,83,57,000 | 1,79,81,663 | 3,75,337 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 56,28,000 | 56,28,000 | 53,02,144 | 3,25,856 | |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 3,57,89,000 | 3,57,89,000 | 3,57,70,116 | 18,884 | |
| സംരക്ഷണഗ്രാന്റ്-റോഡിതരം | 0 | 36,41,000 | 36,41,000 | 36,40,990 | 10 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Basic-Bank | 9,82,465 | 33,57,387 | 43,39,852 | 31,04,261 | 0 | 12,35,591 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Basic-Treasury | 0 | 1,80,609 | 1,80,609 | 1,72,591 | 8,018 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Bank | 54,83,538 | 68,96,500 | 1,23,80,038 | 75,94,704 | 0 | 47,85,334 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്-Tied-Treasury | O | 19,78,629 | 19,78,629 | 6,93,839 | 12,84,790 | |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ-320100198-[illegible] ഗ്രാന്റ് | 12,25,287 | 2,28,000 | 14,53,287 | 228000 | 0 | 1225287 |
| കേന്ദ്രാവിഷ്കൃത പദ്ധതികൾ-അംഗൻവാടി പോഷകാഹാരം-320100125 | 24,36,263 | 16,92,916 | 41,29,179 | 18,00,470 | 0 | 23,28,709 |
| 320100160-Rural Housing-Housing For All | 9,07,000 | 17,00,000 | 26,07,000 | 21,95,000 | 0 | 4,12,000 |
| 320100202-Health Grant For Diagnostic Infrastructure To PHCs | 7,29,624 | 4,24,014 | 11,53,638 | 7,10,354 | 0 | 4,43,284 |
| 320100203-Health Grant Towards Buildingless Subcentres | 86,561 | 6,42,536 | 7,29,097 | 85,125 | 0 | 643972 |
| 320300199-Grant From Other Agencies -Grant From Other Govt Agencies | 2,29,214 | 1,00,000 | 3,29,214 | 0 | 0 | 3,29,214 |
| 320100197-Literacy Grant | 1,819.5 | 144 | 1,963.5 | 0 | 0 | 1,963.5 |
| 320100181-Total Sanitation Campaign | 2,361 | 66 | 2,427 | 0 | 0 | 2,427 |
| 320200304-Grant For Solid Waste Management | 6,55,589 | 0 | 6,55,589 | 0 | 0 | 6,55,589 |
| 320900102-Donations Related To Epidemic Control | 48,304 | 1345 | 49,649 | 0 | 0 | 49,649 |

പി.എ പ്രോജക്ട്-വികസനഫണ്ട്-ജനറൽ- 13,45,599/-

പി.എ പ്രോജക്ട്-വികസനഫണ്ട്- എസ്.സി.പി-1,72,518/-

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർത്തിയാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 356 | 17,19,26,192 | 237 | 11,07,70,536 | 205 | 32 | 119 | 66.57 % |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ – ഇല്ല

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | ഈവർഷ വരവ് | ആകെ വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 1 | 15,58,642 | 15,58,643 | 15,58,641 | 2 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 2,13,59,228 | 2,13,59,228 | 2,13,59,228 | 0 |
| ആകെ | 1 | 2,29,17,870 | 2,29,17,871 | 2,29,17,869 | 2 |

## 1-7 ക്ഷേമപദ്ധതികൾ

ഈവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപെൻഷനുകളുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | ഇല്ല | - |
| കർഷകത്തൊഴിലാളി പെൻഷൻ | 44,33,200 | 280 |
| വിധവാപെൻഷൻ | 1,70,02,500 | 1107 |
| വാർദ്ധക്യകാലപെൻഷൻ | 4,14,43,900 | 2975 |
| ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കുള്ള പെൻഷൻ | 52,66,100 | 331 |
| 50 വയസ്സു കഴിഞ്ഞ അവിവാഹിതകൾക്കുള്ള ധനസഹായം | 14,77,400 | 93 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,80,000 | 6 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 29.05.2025 തീയതിയിൽ ഉച്ചക്ക് ശേഷം 3 പി.എം സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹1,02,114/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണെങ്കിലും താഴെ ചേർക്കുന്ന വിഷയങ്ങളിൽ തുടർനടപടി സ്വീകരിക്കേണ്ടതാണ്.

1. 1997-98 വർഷങ്ങളിലേത് മുതലുള്ള ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ദീർഘകാലമായി തീർപ്പാക്കാതെ തുടരുന്നത് അഭികാമ്യമല്ല. അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.
2. നിർമ്മാണ പ്രവൃത്തികൾക്കായി കെ.എസ്.ഇ.ബി, വാട്ടർ അതോറിട്ടി എന്നിവയ്ക്ക് വിവിധ വർഷങ്ങളിൽ കൈമാറിയ തുകകൾ ക്രമീകരിക്കാനവശേഷിക്കുന്നുണ്ട്. കെ.എസ്.ഇ.ബി-ക്ക് കൈമാറിയ ₹68,19,213/-ഉം വാട്ടർ അതോറിട്ടിക്ക് നൽകിയ ₹84,25,107/- രൂപയും ക്രമീകരിക്കാൻ അവശേഷിക്കുന്നു. പ്രോജക്ടുകളുടെ പൂർത്തീകരണം സംബന്ധിച്ച് ശരിയായ മോണിട്ടറിംഗ് നടത്തേണ്ടതും കൈമാറിയ തുകകളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി വാർഷിക കണക്കുകളിൽ ക്രമീകരിക്കേണ്ടതുമാണ്.
3. പ്രസിഡന്റിന്റെ പേരിലുള്ള ദുരിതാശ്വാസനിധി നിഷ്ക്രിയമായി നിലനിൽക്കുന്നതായി കാണുന്നു. തന്‍വർഷം ₹1228/-രൂപ പലിശ വരവല്ലാതെ മറ്റുവരവുകളില്ല. ₹45,280/-ആണ് അക്കൗണ്ടിലെ നീക്കിയിരിപ്പ്. രോഗം, പ്രകൃതി ദുരന്തം എന്നിവ മൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് അടിയന്തിര സഹായം നൽകുന്നതിന് ദുരിതാശ്വാസനിധിയിൽ തുക സ്വരൂപിച്ച് വിതരണം ചെയ്യുന്നത് അഭികാമ്യമായിരിക്കും.
4. പഞ്ചായത്തിൽ ലോൺ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വായ്പ-വായ്പാ തിരിച്ചടവ് ശരിയായി നിരീക്ഷിക്കുന്നതിന് ലോൺ രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഡെപ്പോസിറ്റ്, അഡ്വാൻസ് രജിസ്റ്ററുകളും പരിശോധനക്ക് ഹാജരാക്കിയില്ല. മുൻകൂർ ക്രമീകരിക്കുന്നതിന്റെയും, ഡെപ്പോസിറ്റ് വരവിന്റെയും കൃത്യത ഉറപ്പാക്കാൻ രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടതാണ്.
5. ആസൂത്രണം കാര്യക്ഷമമാക്കുന്നതിന് പദ്ധതികളുടെ മോണിട്ടറിംഗ് അനിവാര്യമാണ്. പ്രോജക്ട് ഫയലുകളിൽ മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. പ്രോജക്ട് ലക്ഷ്യം കൈവരിച്ചോയെന്ന് ഉറപ്പാക്കുന്നതിന് മോണിട്ടറിംഗ് റിപ്പോർട്ട് സൂക്ഷിക്കേണ്ടതാണ്.
6. മാലിന്യനിർമാർജ്ജന സൗകര്യങ്ങൾ ഒരുക്കാതെയും ലൈസൻസ് എടുക്കാതെയും മാനദണ്ഡങ്ങൾ ലംഘിച്ച് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുവെന്ന പരാതികൾ ഗൗരവത്തോടെ കാണേണ്ടതും തുടർനടപടി സ്വീകരിക്കേണ്ടതുമാണ്.
7. പല പ്രോജക്ടുകളും നടപ്പിലാക്കുന്നത് ആവശ്യകത കണക്കാക്കിയല്ല. ഭീമമായ തുകകൾ വാർഡ് അടിസ്ഥാനത്തിൽ വിഭജിക്കുകയാണ് ചെയ്യുന്നത്. അതുകൊണ്ടുതന്നെ ചില വാർഡുകളിൽ തുകകൾ ബാക്കിയാവുകയും മറ്റ് പ്രവർത്തികൾക്ക് വകയിരുത്തേണ്ടി വരികയും ചെയ്യുന്നു. ഉദാ: – സ്ട്രീറ്റ് ലൈൻ വലിക്കൽ
8. റോഡ് വർക്കുകൾ നടത്തുമ്പോൾ വളരെ കുറഞ്ഞ അളവിൽ, ഏതാനും മീറ്ററുകൾ മാത്രം പലപ്പോഴും ടാറിംഗ് നടത്തുന്നതായി കാണുന്നു. നേരിട്ടുള്ള പരിശോധനയിൽ ഇപ്രകാരം കുറഞ്ഞ അളവിലുള്ള റോഡുകൾ പലതെങ്കിലും സ്വകാര്യ വസ്തുവിൽ അവസാനിക്കുന്നതായി കാണുന്നു. ഈ വഴി പഞ്ചായത്തിന് കൈമാറി ആസ്തി രജിസ്റ്ററിൽ

ചേർക്കുന്നുണ്ടെങ്കിലും മറ്റ് രേഖകളുമായി കണക്കുവിറ്റി ഉറപ്പുവരുത്താത്തതിനാൽ ഇത് പഞ്ചായത്തിനോ പൊതു ജനങ്ങൾക്കോ ഏതെങ്കിലും വിധത്തിൽ ഉപയോഗപ്രദമല്ല

## 1-10 തൊഴിൽ നികുതി - അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2024-25 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (3/28.05.2025) ലഭ്യമായ മറുപടി കൂടി പരിഗണിച്ചുള്ള ഓഡിറ്റ് നിർദ്ദേശം താഴെ ചേർക്കുന്നു.

1)സ.ഉ(സാധാ)നം.1149/2024/തസ്വഭവ തീയതി : 27.06.2024 പ്രകാരം പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും തൊഴിൽനികുതി സ്ലാബുകൾ 2024 ഒന്നാം അർദ്ധ വർഷം ആരംഭിക്കുന്ന ഏപ്രിൽ 1 തീയതി മുതൽ പ്രാബല്യത്തിൽ പരിഷ്കരിച്ചിരുന്നു. എന്നാൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങൾ സമർപ്പിച്ച 2024 ഒന്നാം അർദ്ധ വർഷത്തെ തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് പ്രസ്തുത ഉത്തരവിലെ പട്ടികയിൽ നൽകിയിരിക്കുന്ന നിരക്കുകളുടെ അടിസ്ഥാനത്തിലല്ല

| ക്രമ നം | സ്ഥാപനം | ജീവനക്കാരന്റെ പേര് | റിട്ടേൺ പ്രകാരം ആകെ അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് | രസീത് നം/ തീയതി |
|---|---|---|---|---|---|---|---|
| 1 | തിരുവമ്പാടി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ലി.നം-1575 | ഷീബ പി.എസ് | 1,06,104 | 750 | 1000 | 250 | 1241806215/ 17.03.2025 |
| 2 | [illegible] | ജിജി ടി.ജെ | 66125 | 600 | 750 | 150 | 1241807272/ 28.03.2025 |
| | | സാലി കെ.പി | 16675 | 120 | 320 | 200 | |
| | | ശ്യാമിലി പി.കെ | 44275 | 300 | 600 | 300 | |
| | | രമ്യ | 33925 | 300 | 600 | 300 | |
| 3 | [illegible] ബാങ്ക് ലിമിറ്റഡ് | ആനി സി.എം | 62644.34 | 600 | 750 | 150 | 1241806443/ 20.03.2025 |
| | ആകെ കുറവ് | | | | | 1350 | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി രസീതിന്റെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. തൊഴിലുടമ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ജീവനക്കാരുടെ നികുതി ഈടാക്കിയിരിക്കുന്നത് ചട്ടപ്രകാരമുള്ള/ഉത്തരവ് പ്രകാരമുള്ള നിരക്കുകളുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പാക്കി തൊഴിൽ നികുതി ഈടാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ജീവനക്കാരിൽ നിന്നും കുറവായി ഈടാക്കിയ തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി.

2)താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ജി എസ് ടി ഡിപ്പാർട്ട്മെന്റ് | II |
| 2 | [illegible] പോളിക്ലിനിക് | II |
| 3 | [illegible] | II |
| 4 | [illegible] | II |
| 5 | [illegible] | II |
| 6 | [illegible] | II |
| 7 | [illegible] | II |
| 8 | [illegible] ഓഫീസ്, [illegible] | II |
| 9 | [illegible] | II |
| 10 | [illegible] മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക്, തിരുവമ്പാടി | II |
| 11 | [illegible] | II |

| | | |
|---|---|---|
| 12 | ആൽഫോൺസ് കോംപ്ലക്സ് | II |
| 13 | LAP47 പെർഫോമൻസ് സ്റ്റുഡിയോ | II |
| 14 | ആഷിക്കൽ മെഡിക്കൽ കമ്പനി | II |
| 15 | സക്കീ (Zaki) മന്തി | II |
| 16 | Chirac ഓട്ടോമൊബൈൽസ് | II |
| 17 | മാർ ജൂലിയസ് ബോയ്സ് ഹോസ്റ്റൽ, കറുകുറ്റി | II |
| 18 | ഗ്രീൻ കഫേ ഷോപ്പ് | II |
| 19 | കപ്പൂച്ചിൻ എന്റർപ്രൈസസ് | II |
| 20 | ഡെന്റൽ ഹബ് മൾട്ടിസ്പെഷ്യാലിറ്റി ഡെന്റൽ ക്ലിനിക് | I |
| 21 | ജനറിക് ആയുർവേദിക്കൽസ് പാലക്കാട് | I |
| 22 | ബി എസ് എൻ എൽ | I |
| 23 | എൻഫോഴ്സ്മെന്റ് ഓഫീസ്, കറുകുറ്റി | I |
| 24 | വില്ലേജ് ഓഫീസ് കറുകുറ്റി | I |
| 25 | പാലാട്ട് ആർക്കേഡ് | I |
| 26 | സെന്റ് ജോസഫ് ചിപ്പ് ഹോസ്റ്റൽ, കറുകുറ്റി | I |
| 27 | ജോളി ഇൻഡസ്ട്രീസ് | I |
| 28 | പെരിയാർ ബിസിനസ് ഫോറിനേഴ്സ് | I |
| 29 | ഹോപ്പ് ഫാമിലി ഡെന്റൽ കെയർ, പാലപ്പുറം | I |
| 30 | ജോസ് മെഡിക്കൽ ക്ലിനിക്, കറുകുറ്റി | I |
| 31 | ബ്ലോക്ക് പഞ്ചായത്ത് ഡെവലപ്മെന്റ് ഓഫീസ് (ഇക്കണോമിക്) | I |
| 32 | ശ്രീറാം ഫൈനാൻസ് | I |
| 33 | വില്ലേജ് ഓഫ് മൂക്കന്നൂർ | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് മറുപടി നൽകി. ആയത് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-11 വസ്തുനികുതി നിർണ്ണയം - അപാകതകൾ

1) കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയക്ക് വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

B3-BA(67673)2022 തീയതി : 19/01/2022 പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 713.73 ചമീറ്റർ നിർമ്മിതി വിസ്തീർണ്ണമുള്ള പാർപ്പിടാവശ്യം- ഹോസ്റ്റൽ, ഹോട്ടൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിട ആവശ്യത്തിനുള്ള 300 ചമീ. മുകളിലുള്ള എന്ന ഒക്യുപെൻസി നൽകിയിട്ടുള്ള 16/165 C നമ്പർ കെട്ടിടത്തിന്റെ 668.51 ചമീറ്റർ ഏരിയക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. 45.22 ചമീറ്റർ ഏരിയ നികുതി നിർണ്ണയത്തിന് കണക്കാക്കിയിട്ടില്ല.

വസ്തുനികുതി നിർണ്ണയം നടത്തിയ അർദ്ധവർഷം : 2023-24 ഒന്നാം അർദ്ധവർഷം

| | നിർണ്ണയിച്ചിട്ടുള്ളത് @ 55/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @55/ച.മീ |
|---|---|---|
| അടിസ്ഥാന വസ്തുനികുതി | 668.51x55=36768.05 | 713.73x55=39255.15 |
| വർദ്ധനവ്(തറ നിർമ്മിതി)15% | 36768.05x15%=5515.2075 | 39255.15x15%=5888.2725 |
| വർദ്ധനവ്(വഴി സൗകര്യം)20% | 36768.05x20%= 7353.61 | 39255.15x20%=7851.03 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 36768.05+5515.2075+7353.61 =49636.8675(49637) | 39255.15+5888.2725+7851.03 =52994.452(52995) |
| ലൈബ്രറി സെസ്സ് | 49637x5%=2481.85(2482) | 52995x5%=2649.75(2650) |
| ആകെ നികുതി | 49637+2482=52119 | 52995+ 2650=55645 |
| കുറവ് | | 55645-52119=3526 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/04.06.2025) കെട്ടിടത്തിന് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളതിലെ കുറവ്, പുനർനിർണ്ണയിച്ച് ഉടമയിൽ നിന്നും ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. നികുതി പുനർ നിർണ്ണയിച്ച് ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്. കെട്ടിടത്തിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള ഏരിയ വസ്തുനികുതി നിർണ്ണയത്തിനായി പരിഗണിക്കേണ്ടതാണ്.

2) വസ്തുനികുതി – റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകിയില്ല

സ്ഥലം പരിശോധിച്ചതിൽ 5 മീറ്ററോ അതിൽ കൂടുതൽ വീതിയുള്ള പാലിശ്ശേരി – കുന്നപ്പിള്ളി പി.ഡബ്ല്യു.ഡി റോഡിൽ (8 മീറ്റർ) നിന്നും പ്രവേശന മാർഗ്ഗമുള്ള കെട്ടിടത്തിന്റെ താഴത്തെ നിലയിലെ ഒരു റൂമിന് മാത്രം 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതിനാൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള 20% വർദ്ധനവ് ബാധകമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ മറ്റ് നിലകൾക്ക് 5 മീറ്ററോ അതിൽ കൂടുതൽ വീതിയുള്ള റോഡിൽ നിന്നും പ്രവേശന മാർഗ്ഗം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പണി പൂർത്തിയായിട്ടുള്ള കെട്ടിടത്തിന്റെ വിസ്തീർണ്ണം : 213.31 ച.മീ (Partial Occupancy)

| കെട്ടിട നമ്പർ | നില | സ്ഥലം പ്രകാരം റോഡിന്റെ തരം |
|---|---|---|
| 6/491 B, C | താഴത്തെ നില | 5 മീറ്ററോ അതിൽ കൂടുതൽ |
| 6/491 D | താഴത്തെ നില | 1.5 മീറ്ററിൽ കൂടുതൽ |
| 6/491 E,F,G,H | ഒന്നാം നില | 5 മീറ്ററോ അതിൽ കൂടുതൽ |

6/491 D

കെട്ടിടത്തിന്റെ ഉപയോഗക്രമം : വാണിജ്യാവശ്യം - 100 ച.മീ മുകളിൽ 500 ച.മീ വരെയുള്ളവ

വസ്തുനികുതി നിർണ്ണയം നടത്തിയ അർദ്ധവർഷം : 2024-25 ഒന്നാം അർദ്ധവർഷം

| | നിർണ്ണയിച്ചിട്ടുള്ളത് @ 63/ച.മീ (2024-25 വർഷത്തെ 5% വർദ്ധനവ്) | നിർണ്ണയിക്കേണ്ടിയിരുന്നത് @63/ച.മീ |
|---|---|---|
| അടിസ്ഥാന വസ്തുനികുതി | 26.58x63 = 1674.54 | 26.58x63 = 1674.54 |
| ഇളവ്(മേഖല -ഗ്രാമീണം)10% | 1674.5x10%=167.454 | 1674.5x10%=167.454 |
| വർദ്ധനവ്(വഴി സൗകര്യം) 20% | ഇളവോ വർദ്ധനവോ ഇല്ല (1.5 മീറ്ററിൽ കൂടുതൽ) | 1674.54 *.20= 334.908 |
| അടിസ്ഥാന വാർഷിക വസ്തുനികുതി | 1674.54-167.454 = 1507.086(1508) | 1674.54-167.454+334.908 =1841.994 (1842) |
| ലൈബ്രറി സെസ്സ് | 1508x5% = 75.4(76) | 1842x5%=92.1(93) |
| ആകെ നികുതി | 1508+76= 1584 | 1842+93 = 1935 |
| കുറവ് | | 1935-1584 = 351 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/04.06.2025) റോഡിന്റെ വീതിക്ക് ബാധകമായ വർദ്ധനവ് നൽകി വസ്തുനികുതി പുനർനിർണ്ണയിച്ച് ഉടമയിൽ നിന്നും ഈടാക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി.

മേൽ കെട്ടിടങ്ങളുടെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിലുള്ള കുടിശ്ശിക നികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ 2011-ലെ ചട്ടം 6 പ്രകാരം കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതിയിൽ കെട്ടിട സ്ഥിതി ചെയ്യുന്ന മേഖല, വഴി സൗകര്യം, മേൽക്കൂരയുടെ നിർമ്മിതി, കാലപ്പഴക്കം, തറ നിർമ്മിതി, എയർ കണ്ടീഷനിംഗ് സൗകര്യം എന്നീ വിവിധ ഘടകങ്ങളെ അടിസ്ഥാനമാക്കി ഇളവുകളും വർദ്ധനവുകളും അനുവദിക്കാവുന്നതാണ്. അപ്രകാരം നൽകുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് സഞ്ചയ നികുതി കണക്കാക്കുന്നത് എന്നതിനാൽ കൃത്യമല്ലാതെ നൽകുന്ന ഡാറ്റ തെറ്റായ നികുതി നിർണ്ണയത്തിനിടയാക്കുന്നതാണ്. ആയതിനാൽ ഡാറ്റാ എൻട്രിക്ക് ശേഷം നടത്തുന്ന കൃത്യതാ പരിശോധന പ്രാധാന്യമർഹിക്കുന്നതാണ്. ചട്ടം 6 പ്രകാരം നികുതി നിർണ്ണയത്തെ ബാധിക്കുന്ന ഘടകങ്ങൾ കൃത്യമായാണോ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് ഉറപ്പാക്കി മാത്രം കെട്ടിടങ്ങളുടെ വസ്തുനികുതി അസ്സസ്സ്മെന്റിന് സെക്രട്ടറി അംഗീകാരം നൽകേണ്ടതാണ്.

1-12 01-04-2023 തീയതി പ്രാബല്യത്തിൽ പുതിയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

വസ്തുനികുതി നിരക്ക് സംബന്ധിച്ച് കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കുഴൂർ ഗ്രാമപഞ്ചായത്ത് 30-06-2023 -ലെ 2(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി

നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. മേൽ സർക്കാർ വിജ്ഞാപന പ്രകാരവും, പഞ്ചായത്തിന്റെ അന്തിമ വിജ്ഞാപന പ്രകാരവും 01-04-2023 തീയതി പ്രാബല്യത്തിലാണ് പുതുക്കിയ നിരക്ക് പ്രകാരം വസ്തുനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ 01-04-2023 ന് ശേഷം പഞ്ചായത്തിൽ അസസ്സ്മെന്റ് നടത്തിയിട്ടുള്ള കെട്ടിടങ്ങൾക്ക് പഴയ നിരക്കിലാണ് വസ്തുനികുതി കണക്കാക്കിയിരിക്കുന്നത്. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നമ്പർ അനുവദിച്ച തീയതി | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | | | കുറവ് |
|---|---|---|---|---|---|---|---|---|---|
| | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീ | അടിസ്ഥാന വസ്തുനികുതി | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീ | അടിസ്ഥാന വസ്തുനികുതി | |
| 1/652 A | 2224.11 | 25/10/23 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 2224.11 X 70= 155687.7 (155688) | വാണിജ്യാവശ്യം - 300 ച.മീ മുകളിൽ | 80 | 2224.11 X 80 = 177928 | 22240 |
| 1/272 B,C,D,E,F,G | 114.45 | 31/05/23 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണമുള്ള ഹോട്ടലുകൾ, റെസ്റ്റോറന്റുകൾ, ബേക്കറികൾ, മാർജിൻ ഫ്രീ | 50 | 114.45x50 =5722.5 (5723) | വാണിജ്യാവശ്യം- 100 ച.മീ മുകളിൽ 300 ച.മീ വരെയുള്ളവ | 60 | 114.45x60 =6867 | 1144 |
| 3/202 A | 344 | 22/05/23 | പാർപ്പിടാവശ്യം | 3 | 344x3=1032 | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, വിസ്തൃതി 300 ച.മീ മുകളിലുള്ളവ | 8 | 344x8 = 2752 | 1720 |
| 9/292 A | 346.14 | 03/07/23 | പാർപ്പിടാവശ്യം | 3 | 346.14x3= 1038.42 (1039) | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, വിസ്തൃതി 300 ച.മീ മുകളിലുള്ളവ | 8 | 346.14x8 = 2769.12 (2770) | 1731 |
| 12/491 A | 266.9 | 13/06/23 | പാർപ്പിടാവശ്യം | 3 | 266.9x3 =800.7 (801) | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, വിസ്തൃതി 300 ച.മീ വരെയുള്ളവ | 6 | 266.9x6= 1601.4(1602) | 801 |
| 12/74 A | 187.35 | 28/10/23 | അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, തിയേറ്റർ, സിനിമ തിയേറ്റർ | 20 | 187.35x20 =3747 | അസംബ്ലി ബിൽഡിംഗ് (കൺവെൻഷൻ സെന്റർ, ഓഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, സിനിമ തിയേറ്റർ) | 25 | 187.35x25 =4683.75 (4684) | 937 |
| 14/330 A | 284.95 | 08/05/23 | പാർപ്പിടാവശ്യം | 3 | 284.95x3 =854.85 (855) | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, വിസ്തൃതി 300 ച.മീ വരെയുള്ളവ | 6 | 284.95x6 =1709.7 (1710) | 855 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 15/210 A, B | 107.2+82.41 =189.61 | 2023 First Half | വാണിജ്യാവശ്യത്തിനുള്ള 100 ചതുരശ്ര മീറ്ററിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള ഷോപ്പുകൾ, ഗോഡൗണുകൾ, ഓഫീസുകൾ, ലോഡ്ജുകൾ | 50 | 189.61x50 =9480.5 (9481) | വാണിജ്യാവശ്യം- 100 ച.മീ മുകളിൽ 300 ച.മീ വരെയുള്ളവ | 60 | 189.61x60 =11376.6 (11377) | 1896 |
| 16/447 A | 340.96 | 14/09/23 | പാർപ്പിടാവശ്യം | 3 | 340.96x3 =1022.88 (1023) | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, [illegible] 300 ച.മീ മുകളിലുള്ളവ | 8 | 340.96x8 =2727.68 (2728) | 1705 |
| 17/494 B | 1813.35 | 26/07/2023 | പാർപ്പിടാവശ്യം | 3 | 1813.35x3= 5440.05 (5441) | പാർപ്പിടാവശ്യം- സ്വന്തം താമസത്തിന് ഉപയോഗിക്കുന്ന പാർപ്പിടങ്ങൾ, [illegible] 300 ച.മീ മുകളിലുള്ളവ | 1813.35x8 | 14506.8 (14507) | 9066 |

ഇപ്രകാരം 01-04-2023 തീയതി മുതൽ പഴയ നിരക്കിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തു നികുതി പുനർ നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(11/31.05.2025) പുതിയ സോഫ്റ്റ്‌വെയറായ കെ-സ്മാർട്ടിൽ ടി അപാകത പരിഹരിക്കുന്നതിനുള്ള സംവിധാനം വരുന്ന മുറയ്ക്ക് വസ്തുനികുതിയിൽ മാറ്റം വരുത്തുന്നതും ടി തുക ഈടാക്കി ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. മേൽ കെട്ടിടങ്ങളുടേതടക്കം 01-04-2023 മുതൽ വസ്തുനികുതി പുനർനിർണ്ണയിച്ചവയുടെ വർദ്ധന വന്ന വസ്തുനികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ മേൽ കെട്ടിടങ്ങളുടെ പുനർനിർണ്ണയിച്ചതുമായി ബന്ധപ്പെട്ട രേഖകളും ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 മൊബൈൽ ടവറിന്റെ വസ്തുനികുതി - അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം ഉൾപ്പെടുത്തിയില്ല

26.02.2022 ലെ സർക്കുലർ നമ്പർ (ആർ.ഡി) 3/94/2020/തസ്വഭവ പ്രകാരം വസ്തു നികുതി നിർണ്ണയത്തിനായി മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ ടവറിന്റെ തറ വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. 2024-25 വർഷം വസ്തു നികുതി നിർണ്ണയിച്ച മൊബൈൽ ടവറിന് മേൽ സർക്കുലർ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല. വിശദവിവരം പട്ടിക 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-14 ഒറ്റത്തവണ കെട്ടിട നികുതിയുടെ രേഖയില്ലാതെ വസ്തുനികുതി നിർണ്ണയം നടത്തി

പുതിയ കെട്ടിടങ്ങൾക്ക് നമ്പർ അനുവദിക്കുമ്പോഴും നിലവിലുള്ള കെട്ടിടങ്ങളോട് കൂട്ടിച്ചേർക്കലുകൾ വരുത്തുമ്പോൾ അങ്ങനെ കൂട്ടിച്ചേർക്കുന്ന ഭാഗത്തിന് അധിക വസ്തുനികുതി ഈടാക്കുമ്പോഴും 1975-ലെ കേരള കെട്ടിട നികുതി നിയമത്തിലെ വകുപ്പ് 5 (1) പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ വകുപ്പ് 7 പ്രകാരമുള്ള റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഹാജരാക്കിയാൽ മാത്രം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തറവിസ്തീർണ്ണം അളന്ന് തിട്ടപ്പെടുത്തി കെട്ടിടത്തിന് നമ്പർ അനുവദിക്കുകയോ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയോ ചെയ്യുന്നതാണ് എന്ന് തദ്ദേശസ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 09.07.2015 ലെ സ.ഉ. (എം.എസ്) നം. 231/15/തസ്വഭവ പ്രകാരം ഉത്തരവായിട്ടുള്ളതാണ്. എന്നാൽ പട്ടികയിൽ ചേർത്തിരിക്കുന്ന കെട്ടിട ഉടമസ്ഥനിൽ നിന്ന് മേൽ ഉത്തരവ് പ്രകാരമുള്ള ഒറ്റത്തവണ കെട്ടിട നികുതിയുടെ ആദ്യ ഗഡു അടച്ചതിന്റെ രസീതിന്റെ പകർപ്പോ അല്ലെങ്കിൽ റിട്ടേൺ ഫയൽ ചെയ്തതിന്റെ ആധികാരികമായ രേഖയോ ഫയലിൽ സൂക്ഷിച്ചതായി കാണുന്നില്ല.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിടത്തിന്റെ ഉപയോഗക്രമം | പെർമിറ്റ് നമ്പർ/ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1 | 14/8 A | തോമസ് പി.യു, ഫാത്തിമ പി.ടി, ബാസ്റ്റിൻ തോമസ് | വാണിജ്യാവശ്യം | B3-BA(361127)/2022 തീയതി : 02.12.2022 |
| 2 | 9/286 D | ജോബി പി.ടി (ജോളി മെമ്മോറിയൽ ഹോസ്പിറ്റൽ ...) കരയാംപറമ്പ്, കറുകുറ്റി | സ്വയംസംരംഭകാവശ്യം | B3-BA(266367)/2023 തീയതി : 05.08.2023 |

സർക്കാർ ഉത്തരവിന് വിരുദ്ധമായി കെട്ടിടത്തിന് വസ്തുനികുതി നിർണ്ണയം നടത്തി കെട്ടിട നമ്പർ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(23/04.06.2025) മേൽ കെട്ടിടങ്ങളുടെ ഒറ്റത്തവണ കെട്ടിട നികുതിയുടെ രസീത് ഫയലിൽ നിന്നും നഷ്ടപ്പെട്ടതിനാൽ, ആയത് കെട്ടിടയുടമയോട് ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുന്നതാണെന്നും, ആയത് ഹാജരാക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. കൂടാതെ കെട്ടിട നമ്പർ അനുവദിക്കുന്നതിന് ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കി നടപടികൾ സ്വീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 വാടക - അപാകതകൾ

കറുകുറ്റി ഗ്രാമപഞ്ചായത്ത് 2024-25 വർഷം വാടകക്ക് നൽകിയിരുന്ന മുറികളിൽ തന്വർഷം വാടക അടവാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്താത്ത സ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | വാടകക്കാരന്റെ പേര് | വാടക കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| 1 | 13/559, 558, 557, 555 | കെ.എസ്.ഇ.ബി, കറുകുറ്റി | 6423x12=77076 | വാടക കരാർ ഹാജരാക്കിയിട്ടില്ല 5% വാടക വർദ്ധനവ് വരുത്തിയിട്ടില്ല |
| 2 | മൂന്നൂർപ്പിള്ളി കമ്മ്യൂണിറ്റി ഹാൾ, മെസ്സ് | ശിവപ്രസാദ് | 1000x6=6000 | 09/2024 വരെയുള്ള വാടക മാത്രമേ ഒടുക്കിയിട്ടുള്ളൂ. 10/2024 മുതൽ 03/2025 വരെയുള്ള 6 മാസത്തെ വാടക + 18% ജി.എസ്.ടി എന്നിവ ഒടുക്കിയിട്ടില്ല |
| 3 | ഷോപ്പ് IX | സന്ദീപ് മോഹൻ | 2081x6=12486 | 04/2024 മുതൽ 09/2024 വരെയുള്ള 6 മാസത്തെ വാടക + 18% ജി.എസ്.ടി എന്നിവ ഒടുക്കിയിട്ടില്ല (10/2024 മുതൽ കരാർ പുതുക്കിയിട്ടില്ല) |

മേൽ പട്ടികയിലെ വാടകക്കാർ 2024-25 വർഷത്തെ വാടക, ജി.എസ്.ടി തുടങ്ങിയവ ഒടുക്കിയിട്ടുണ്ടെങ്കിൽ വിവരങ്ങൾ രസീത് സഹിതം ഹാജരാക്കേണ്ടതാണെന്നും തുക ഈടാക്കുന്നതിന് പഞ്ചായത്ത് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണെന്നും നിർദ്ദേശിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (24/04.06.2025) വാടക വർദ്ധനവ് സംബന്ധിച്ചും വാടക കരാർ പുതുക്കുന്നത് സംബന്ധിച്ചും നിരവധി തവണ കെ.എസ്.ഇ.ബി അധികൃതരെ അറിയിച്ചിരുന്നതായും ആയത് പുതുക്കുന്നത് സംബന്ധിച്ചുള്ള തുടർനടപടികൾ നാളിതുവരെ സ്വീകരിച്ചിട്ടില്ലാത്തതുമാണെന്നും, ആയത് പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്നും തുടർനടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭിച്ചു.

10 മാസത്തെ വാടക കുടിശ്ശിക ഏപ്രിൽ മാസത്തിൽ അടവാക്കിയിട്ടുണ്ടെന്ന് അറിയിച്ചുവെങ്കിലും ആയത് സംബന്ധിച്ച രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മൂന്നൂർപ്പിള്ളി കമ്മ്യൂണിറ്റി ഹാൾ, ഷോപ്പ് IX എന്നീ വാടകക്കാർക്ക് റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുള്ളതായി അറിയിച്ചു. തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

കറുകുറ്റി ഗ്രാമപഞ്ചായത്തിൽ ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ, കറുകുറ്റി വില്ലേജ് ബ്ലോക്ക് 3, സർവേ നമ്പർ 43/7/2, 43/7/3 എന്നിവയിൽപ്പെട്ട 24.85 ആർ(61.403 സെന്റ്) സ്ഥലം വ്യവസായ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന്, പ്ലോട്ടുകളായി തിരിച്ച് 02.11.2009 മുതൽ 15 വർഷക്കാലത്തേക്ക് പാട്ടത്തിന് നൽകിയിരുന്നു. പാട്ടകാലാവധി 30.09.2024 ൽ അവസാനിച്ചതിനാൽ, 01.10.2024 മുതൽ പ്ലോട്ട് കൈവശം വച്ച് ഉപയോഗിച്ച് വന്നിരുന്ന ഉപഭോക്താക്കൾക്ക് തന്നെ പ്രതിമാസം 6500 രൂപയും തുടർന്നുള്ള ഓരോ സാമ്പത്തികവർഷവും 5 ശതമാനം വീതം വർദ്ധിപ്പിച്ച നിരക്കിലും 01.10.2024 മുതൽ 10 വർഷക്കാലത്തേക്ക് കൂടി പാട്ടത്തിന് അനുവദിച്ച് കരാർ പുതുക്കി നല്കുന്നതിന് 20.03.2025 ലെ 19(1) കമ്മിറ്റി തീരുമാനിച്ചു. കൂടാതെ 9-ാം നമ്പർ പ്ലോട്ടിന്റെ മുൻകരാറുകാരനായ ശ്രീ.സന്ദീപ് മോഹൻ പ്ലോട്ട് തുടർന്ന് അനുവദിക്കണമെന്ന് സംബന്ധിച്ച് ലഭ്യമായ

ആക്ഷേപമോ സമർപ്പിക്കാത്ത സാഹചര്യത്തിൽ, ടി പ്ലോട്ട് യഥാവിധി പുനർലേലം ചെയ്യുന്നതിനും തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ടി പ്ലോട്ടുകളുടെ കരാർ പുതുക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും 9-ാം നമ്പർ പ്ലോട്ട് പുനർലേലം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും ഓഡിറ്റിന് ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് കരാർ പുതുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളതും പ്ലോട്ട് 9 ന്റെ ലേലം 17.06.2025ൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതായും മറുപടി ലഭിച്ചു (ഓഡിറ്റ് അന്വേഷണം : 24/04.06.2025). തുടർനടപടി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെട്ടിടത്തിന്റെ വസ്തുനികുതി നിർണ്ണയത്തിന് ശേഷം പാർക്കിംഗ് ഏരിയ വാണിജ്യാവശ്യത്തിനായി ഉപയോഗിക്കുന്നു

എറണാകുളം ജില്ല കറുകുറ്റി ഗ്രാമപഞ്ചായത്ത്, കറുകുറ്റി വില്ലേജ്, സർവ്വേ നം 56/8-3, 8-6, 8-4, 8-5, 8-2, 8-11 -8 (Re-Sy No.56/8/10) 5.24 ആർ സ്ഥലത്തുള്ള Commercial (F), Residential (A2) എന്നീ ഗണങ്ങളിൽ ഉൾപ്പെടുന്ന അനധികൃത നിർമ്മാണം തദ്ദേശ സ്വയംഭരണ വകുപ്പ് - 31/07/2017 നോ അതിന് മുൻപോ പൂർത്തീകരിച്ച അനധികൃത നിർമ്മാണങ്ങൾ ക്രമവത്കരിക്കുന്നതിന് പരിഗണിക്കുന്ന ജില്ലാതല കമ്മിറ്റിയുടെ TCPKM/999/2022-C.D.Dis തീയതി : 01-11-2022 നമ്പർ ഉത്തരവ് പ്രകാരം ക്രമവത്കരിക്കുന്നതിന് കറുകുറ്റി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് അനുമതി നൽകിയിരുന്നു. ആയത് പ്രകാരം ടി കെട്ടിടം താഴെ ചേർക്കും പ്രകാരം 2024 ഒന്നാം അർദ്ധവർഷം പ്രാബല്യത്തിൽ ക്രമവത്കരിച്ച് നമ്പർ നൽകിയിട്ടുണ്ട്.

കെട്ടിട ഉടമയുടെ പേര് : എം.ടി. ജോണി എം.ടി. പോളി,
മുത്തിമൂലക്കാടൻ ഹൗസ്, കറുകുറ്റി

| നില | Builtup Area | Floor Area | Covered Area |
|---|---|---|---|
| താഴത്തെ നില (പാർക്കിംഗ്) | 78.74 | - | 78.74 |
| താഴത്തെ നില ( Commercial) | 345.72 | 345.72 | 345.72 |
| ഒന്നാം നില (Commercial) | 404.19 | 404.19 | |
| രണ്ടാം നില (Residential) | 313.26 | 313.26 | |
| സ്റ്റെയർ & ലിഫ്റ്റ് | 16.91 | 16.91 | |
| | 1158.82 | 1080.08 | 424.46 |

ടി ക്രമവത്കരണത്തിനായി ടിയാൻ അടവാക്കിയ കോമ്പൗണ്ടിംഗ് ഫീയുടെ വിവരണം താഴെ ചേർക്കുന്നു.

| | |
|---|---|
| Basic Compounding Fee | 3,48,748 |
| Additional Compounding Fee For Deficient Car Parking (If Minimum 50% Of Parking Is Available) | 2,00,000 X No.Of Deficient Car Parking<br>2,00,000 X 4=8,00,000 |
| Additional Compounding Fee For Covered Area In Excess Of That Corresponding To The Maximum Permissible Coverage Value<br>(1000 Per SQM Coverage Area, Built In Excess Of That Permissible<br>As Per Building Rules) | 1000x136.26 = 1,36,260 |
| Total | 3,48,748 + 8,00,000 + 1,36,260 = 12,85,008 (ടി തുക ടിയാൻ അടവാക്കിയിട്ടുണ്ട്) |

സീനിയർ ടൗൺ പ്ലാനർ അംഗീകാരം നൽകിയിട്ടുള്ള കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് ആവശ്യമായ 9 കാർ പാർക്കിംഗിൽ 5 പാർക്കിംഗുകൾ (താഴത്തെ നിലയിൽ 4 കാർ പാർക്കിംഗും കെട്ടിടത്തിന്റെ മുൻവശത്ത് 1 കാർ പാർക്കിംഗും) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കറുകുറ്റി പഞ്ചായത്ത് ഓവർസീയറുടെ സാന്നിധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ താഴത്തെ നിലയിലെ 4 കാർ പാർക്കിംഗുകൾ കടമുറികളായി ഉപയോഗിക്കുന്നതായി കണ്ടു. കൂടാതെ രണ്ടാമത്തെ നിലയിൽ പാർപ്പിടാവശ്യത്തിനുള്ള എന്ന ഗണത്തിലുൾപ്പെടുത്തി നികുതി നിർണ്ണയിച്ചിട്ടുള്ള റൂമുകൾ ലോഡ്ജായി ഉപയോഗിക്കുന്നതായും ബോധ്യപ്പെട്ടു (ഫോട്ടോ ഉള്ളടക്കം ചെയ്യുന്നു). നിലവിൽ ഒരു പാർക്കിംഗ് മാത്രമാണ് പ്ലാൻ പ്രകാരം സൈറ്റിൽ ലഭ്യമായിട്ടുള്ളത്.





G.O.(P.)No. 12/2018/LSGD തീയതി : 15.02.2018 ലെ Appendix I ലെ 3(ii)b(iii) പ്രകാരം Where The Available Parking Is Less Than 25% Of The Parking Specified As Per Rules 3,50,000/- രൂപ വീതം കുറവുള്ള ഓരോ കാർ പാർക്കിംഗിനും ഈടാക്കേണ്ടതാണ്.

| | |
|---|---|
| Additional Compounding Fee For Deficient Car Parking (Where The Available Parking Is Less Than 25% Of The Parking Specified As Per Rules) | 3,50,000x No.Of Deficient Car Parking<br>3,50,000 X 8 = 28,00,000 |

കുറവുള്ള പാർക്കിംഗിന്റെ കോമ്പൗണ്ടിംഗ് ഫീസിനത്തിൽ 8,00,000/- രൂപ മാത്രമാണ് ഈടാക്കിയിട്ടുള്ളതാണ്. ബാക്കി 20,00,000/- രൂപ ഈടാക്കേണ്ടതാണ്.

2)വസ്തുനികുതി നിരക്ക് സംബന്ധിച്ച് കേരള സർക്കാർ തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പിന്റെ 05-04-2023 തീയതിയിലെ സ.ഉ.(അച്ചടി) നമ്പർ 25/2023/LSGD വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ കറുകുറ്റി ഗ്രാമപഞ്ചായത്ത് 30-06-2023 ലെ 2(1) നമ്പർ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പുതുക്കിയ വസ്തുനികുതി നിരക്ക് നിശ്ചയിച്ച് അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ടി കെട്ടിടത്തിന് പഴയ നിരക്കിലാണ് വസ്തു നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്.

| കെട്ടിട നമ്പർ | തറ വിസ്തീർണ്ണം (ച.മീ) | നമ്പറിട്ട് നൽകിയ തീയതി | പഴയ നിരക്കിൽ നിർണ്ണയിച്ചത് | | | പുതിയ നിരക്കിൽ നിർണ്ണയിക്കേണ്ടത് | | |
|---|---|---|---|---|---|---|---|---|
| | | | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീ | അടിസ്ഥാന വസ്തുനികുതി | ഉപയോഗ ക്രമം | അടിസ്ഥാന വസ്തുനികുതി നിരക്ക് ച.മീ | അടിസ്ഥാന വസ്തുനികുതി |
| 3/18 A മുതൽ G വരെ, L, M, N, P, R, S, T, V, W, X, Y | 731.3646 | 24/02/2024 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീറ്റർ കൂടുതൽ തറ വിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ | 70 | 731.3646 X 70 = 51195.522 (51196) | വാണിജ്യാവശ്യം - 300 ച.മീ കൂടുതൽ | 80 | 731.3646 X 80 =58509.168 (58510) |
| 3/18 R1, R2, R3, R4 | 330.17 | 24/02/2024 | പാർപ്പിടാവശ്യം | 3 | 330.17x3 =990.51 | പാർപ്പിടാവശ്യം- ഫ്ലാറ്റ്, ഹോസ്റ്റൽ ഉൾപ്പെടെ മറ്റ് പ്രത്യേക പാർപ്പിടാവശ്യത്തിനുള്ള -300 ച.മീ കൂടുതൽ | 55 | 330.17x55 =18159.35 |

മേൽ കെട്ടിടത്തിന്റെ വസ്തുനികുതി പുതിയ നിരക്കിൽ പുനർ നിർണ്ണയിക്കേണ്ടതും രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല

(27/04.06.2025)

## 1-17 IFTE&OS ലൈസൻസ് - അപാകതകൾ

1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം 2024-25 വർഷത്തിൽ ലൈസൻസ് അനുവദിച്ചതിന്റെ ഡിമാന്റ് രജിസ്റ്റർ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു. പ്രസ്തുത അപാകതകൾക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമായ മറുപടി കൂടി പരിഗണിച്ചുള്ള ഓഡിറ്റ് നിരീക്ഷണം താഴെ ചേർക്കുന്നു.

1)വാർഡ് തിരിച്ചുള്ള ഡിമാന്റ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. വാർഡ് തിരിച്ചുള്ള ഡിമാന്റ് ലിസ്റ്റ് ലഭ്യമല്ലാത്തതിനാൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ എല്ലാം തന്നെ ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് ഉറപ്പാക്കാനാകുന്നില്ല. ലൈസൻസ് ഫീസ് ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന ലൈസൻസ് രജിസ്റ്ററാണ് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. ആയത് തയ്യാറാക്കി സൂക്ഷിക്കുന്നതാണെന്ന് മറുപടി നൽകി.

2)ലൈസൻസ് അപേക്ഷകളിലെ കെട്ടിട നമ്പറുകൾ സഞ്ചയയിൽ പരിശോധന നടത്തിയപ്പോൾ ലൈസൻസിന് അപേക്ഷിച്ച ഉപയോഗക്രമവും പ്രസ്തുത കെട്ടിടത്തിന്റെ സഞ്ചയയിലെ ഉപയോഗക്രമവും വ്യത്യാസമുള്ളതായി കാണുന്നു.

| ക്രമ നം | കെട്ടിട നമ്പർ | ലൈസൻസ് ഡി/ രജിസ്റ്ററിലെ ക്രമ നം | ലൈസൻസ് അപേക്ഷിച്ച ഉപയോഗക്രമം | സഞ്ചയയിലെ ഉപയോഗക്രമം |
|---|---|---|---|---|
| 1 | 16/331 | 55 | പെട്രോൾ പമ്പ് നടത്തുന്നതിന് | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 2 | 6/186 A | 56 | പെട്രോൾ പമ്പ് നടത്തുന്നതിന് | വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ |
| 3 | 5/200 | 85 | സിമന്റ് കട്ട നിർമ്മാണം (ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ) | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 4 | 17/199 | 88 | ജെസിബി, ഹിറ്റാച്ചി വാടകയ്ക്ക് നൽകുന്നതിനും യൂസ്ഡ് സ്പെയർ പാർട്സ് വിൽക്കുന്നതിനും | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 5 | 17/67 | 111 | പ്രൈവറ്റ് ആയുർവേദിക് ഹോസ്പിറ്റൽ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് (തടിമിൽ) |

മേൽ അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് ടി കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിൽ മാറ്റം വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്നും ആയത് ക്രമപ്പെടുത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും മറുപടി നൽകി. ലൈസൻസ് അനുവദിക്കുമ്പോൾ കെട്ടിടത്തിന്റെ ഉപയോഗക്രമം ലൈസൻസിനായി അപേക്ഷിച്ചിരിക്കുന്ന ഉപയോഗ ക്രമത്തിലുള്ളതാണെന്ന് ഉറപ്പുവരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ കെട്ടിടങ്ങളുടെ ഉപയോഗക്രമം ലൈസൻസ് അനുവദിച്ച ഉപയോഗക്രമത്തിലേക്ക് മാറ്റം വരുത്തി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

3)ലൈസൻസിനായുള്ള അപേക്ഷ ഫോറത്തിൽ മൂലധന നിക്ഷേപം രേഖപ്പെടുത്തുന്നില്ല

31.10.2017 മുതൽ പ്രാബല്യത്തിൽ വന്ന ലൈസൻസ് ചട്ടങ്ങളിലെ ഭേദഗതികൾ പ്രകാരമുള്ള വിവരങ്ങൾ ഉൾപ്പെടുന്ന പുതുക്കിയ രീതിയിലാണ് 2024-25 വർഷം ലൈസൻസ് അനുവദിക്കുന്നതിനായി അപേക്ഷകൾ സ്വീകരിച്ചിട്ടുള്ളത്. ഭേദഗതി ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് നിശ്ചയിക്കേണ്ടത്. പല അപേക്ഷകളിലും മൂലധനനിക്ഷേപം ഉൾപ്പെടെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. അപേക്ഷകൾ സ്വീകരിക്കുന്ന സമയത്തുതന്നെ അവ പൂർണ്ണമാണോ എന്ന് പരിശോധിച്ച് ഉറപ്പ് വരുത്തി മാത്രം

ലൈസൻസ് അനുവദിക്കേണ്ടതാണ്.

4(2)1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും വ്യവസായങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ 31-10-2017 ലെ ജി. ഒ (പി) 80/2017/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും മേൽ ഉത്തരവു പ്രകാരം ലൈസൻസ് ഫീസ് നിശ്ചയിക്കുന്നതിനുള്ള നിലവിലുണ്ടായിരുന്ന ഷെഡ്യൂൾ 2 ന് പകരം പുതിയ ഷെഡ്യൂൾ 2 ഉൾപ്പെടുത്തിയിട്ടുള്ളതുമാണ്. ഇത് പ്രകാരം സ്ഥാപനങ്ങളെ ഉത്പാദനം, സേവനം എന്നീ മേഖലകളിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ച് മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് സ്ഥാപനങ്ങൾക്ക് യഥാക്രമം 500/-, 1000/- 5000/-, 10000/-, 15000/- എന്ന പരമാവധി നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ആയത് പ്രകാരം മേൽ ഉത്തരവ് പ്രാബല്യത്തിൽ വരുത്തുന്നതിനായി സ്ഥാപനങ്ങളെ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ മൈക്രോ, മിനി, സ്മാൾ, മീഡിയം, ലാർജ് എന്ന് തരം തിരിച്ച് ഓരോ തരത്തിലുള്ള സ്ഥാപനങ്ങൾക്ക് താഴെ ചേർക്കും പ്രകാരം പരമാവധി ലൈസൻസ് ഫീസ് നിശ്ചയിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ താഴെ ചേർക്കുന്ന സ്ഥാപനത്തിന്റെ ലൈസൻസ് അപേക്ഷ പരിശോധിച്ചതിൽ പ്രസ്തുത സ്ഥാപനത്തിന്റെ മൂലധന നിക്ഷേപത്തിനനുസരിച്ചല്ല ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| സ്ഥാപനത്തിന്റെ പേര് | ലൈസൻസ് നം | മേഖല | അപേക്ഷയിൽ/ പി.സി.ബി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപം | ഈടാക്കിയ ഫീസ് | രസീത് നം/ തീയതി | ഈടാക്കേണ്ടിയിരുന്ന ഫീസ് | കുറവ് |
|---|---|---|---|---|---|---|---|
| അഡിക്ക് പാരഗൺ റസ്റ്റോറന്റ് | 70/24-25 | സേവനം | 697 ലക്ഷം (PCB No : KSPCB/ER1/ ICO/10000696/ VAR/2023 തീയതി : 19.10.2023) | 10000 | 1230105186/ 06.03.2024 | 15000 | 5000 |

അഡിക്ക് പാരഗൺ റസ്റ്റോറന്റ് എന്ന സ്ഥാപനത്തിന് 2 കോടിയിലധികം മൂലധന നിക്ഷേപം ഉണ്ടെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 10000/- രൂപ ലൈസൻസ് ഫീസായി ഈടാക്കിയിട്ടുള്ളതെന്ന് മറുപടി നൽകി. എന്നാൽ ആയത് സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കിയില്ല. 2024-25 സാമ്പത്തിക വർഷം പ്രവർത്തനമാരംഭിച്ച മേൽ സ്ഥാപനത്തിന്റെ പി.സി.ബി സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന മൂലധന നിക്ഷേപം 697 ലക്ഷം രൂപയാണ്. ആയത് പ്രകാരം ലൈസൻസ് ഫീസ് 15000/- രൂപയാണ് ഈടാക്കേണ്ടിയിരുന്നത്. കുറവ് വന്ന ലൈസൻസ് ഫീസ് ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-18 വാട്ടർ എ.ടി.എം - പ്രവർത്തനക്ഷമമായിട്ടില്ല

| | |
|---|---|
| പ്രോജക്റ്റ് നമ്പർ / പേര് | 401/25 – ഓപ്പൺ ജിം ഹാപ്പിനസ്സ് പാർക്കിൽ കുടിവെള്ള സൗകര്യം ഒരുക്കൽ വാട്ടർ എ.ടി.എം |
| അടങ്കൽ/ചെലവ് | 40000/40000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഓപ്പൺ ജിം ഹാപ്പിനസ്സ് പാർക്കിൽ സ്ഥാപിക്കുന്നതിനായി വാട്ടർ വേൾഡ് തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും 496222/- രൂപക്ക് ഇൻവോയ്സ് നമ്പർ WW263/27.3.25 പ്രകാരം വാട്ടർ എ.ടി.എം വാങ്ങിയിട്ടുണ്ട്. ടി വർഷം ഇതിനത്തിൽ വൗച്ചർ നമ്പർ 401677/29.3.25 പ്രകാരം 400000/- രൂപ ഈ സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ജെം പോർട്ടൽ മുഖേനയാണ് വാങ്ങൽ നടത്തിയിരിക്കുന്നത്. വാങ്ങുന്നതിനായി കംപാരറ്റീവ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിരിക്കുന്നതിൽ ചേർത്തിരിക്കുന്ന മറ്റ് സ്ഥാപനങ്ങൾ റിവേഴ്സ് ഓസ്മോസിസ് ടെക്നോളജി ഉൾപ്പെടാതുള്ള നിരക്കുകൾ ആണ് ചേർത്തിരിക്കുന്നത്. അതിനാൽ തന്നെ താരതമ്യം ചെയ്യുമ്പോൾ ഇവരുടെ നിരക്ക് സപ്ലൈ ചെയ്ത സ്ഥാപനത്തിന്റെ നിരക്കിനേക്കാൾ കൂടുതലായിട്ടാണ് വരുന്നത്. ഇതിൽ ഒരു സ്ഥാപനം 500000/- രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ജെം ൽ നിന്നുള്ള കോൺട്രാക്ട് സ്റ്റേറ്റ്മെന്റ് പ്രകാരം റിവേഴ്സ് ഓസ്മോസിസ് ടെക്നോളജി ഉള്ളതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇൻവോയ്സിൽ ഇത് ഉള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

267/25 എന്ന നമ്പറിൽ ഓപ്പൺ ജിംനേഷ്യത്തിലേക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിനായി 100000/- രൂപയുടെ സ്പിൽ ഓവർ പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും 2024-25 വർഷത്തിൽ ഇത് നടപ്പാക്കിയിട്ടില്ല. അതുപോലെ തന്നെ ബോർഡ് സ്ഥാപിക്കൽ, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഏർപ്പെടുത്തൽ എന്നിവക്കായി 277/25 നമ്പറിൽ 495000/- രൂപയുടെ പ്രോജക്റ്റിന് അനുമതി ആയെങ്കിലും അതും നടപ്പാക്കിയിട്ടില്ല. അതിനാൽ തന്നെ വാട്ടർ എ.ടി.എം

പ്രവർത്തിക്കുന്നില്ല എന്നാണ്. നേരിട്ടുള്ള പരിശോധനയിൽ ഇതുവരെ ഒരു വർഷം മാത്രമാണ് ഈ ഉപകരണത്തിന് വാറന്റി ഉള്ളത്. ഇത് അടിയന്തിരമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് 28.05.2025ൽ 2-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഓപ്പൺ ജിമ്മിന്റെ പ്രവർത്തനത്തിനോടൊപ്പം തന്നെ വാട്ടർ എ.ടി.എം ന്റെ പ്രവർത്തനവും ഉടൻ ആരംഭിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഇവ പ്രവർത്തന സജ്ജമാക്കുന്നതുവരെ വാട്ടർ എ.ടി.എം ന് ചെലവാക്കിയ ₹40000/- തടസ്സത്തിൽ വരുന്നു.

1-19 തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ- എണ്ണം കണക്കാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ /പേര് | 020/25 - തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ |
| അടങ്കൽ | 10000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് നമ്പർ 020/25 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 1000000 രൂപ അടങ്കലിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടുണ്ട്. ഇതിനായി ടെണ്ടർ വിളിച്ചതിൽ ആകെ 5 ടെണ്ടറുകൾ ആണ് ലഭിച്ചിരിക്കുന്നത്. സിംഗിൾ ട്യൂബ് ലൈറ്റ്, എൽഇഡി ബൾബ്, എൽഇഡി ട്യൂബ്, മിനിമാസ്റ്റ് ലൈറ്റ്, ഹൈ മാസ്റ്റ് ലൈറ്റ് എന്നിങ്ങനെ 5 ഇനങ്ങളാണ് അറ്റകുറ്റപ്പണികൾ നടത്തേണ്ടത്. മേൽപ്പറഞ്ഞ ഓരോ ഇനത്തിലും ഉൾപ്പെട്ട എത്ര എണ്ണം വിളക്കുകൾ നിലവിലുണ്ടെന്ന വിവരം ഫയലിലോ കരാറിലോ ഇല്ല. 5 ഇനത്തിൽ 4 ഇനത്തിനും കുറവ് നിരക്ക് കാണിച്ച ഹാഫിസ് പി.പി, ഡെക്കാൻ അസോസിയേറ്റ്സ്, മുട്ടിൽ എന്ന ടെണ്ടർ അംഗീകരിച്ചു. ഓരോ ടെണ്ടറും അതത് ഇനത്തിനും കാണിച്ചിരിക്കുന്ന നിരക്കുകൾ ആകെ കൂട്ടി അതിൽ മൊത്തത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയയാൾക്ക് ആണ് ടെണ്ടർ നൽകിയത്. എന്നാൽ ഇപ്രകാരം മൊത്തത്തിൽ തുക കണക്കാക്കുമ്പോൾ, അറ്റകുറ്റപ്പണികൾ നടത്തേണ്ട വിളക്കുകളുടെ എണ്ണം വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ ടെണ്ടർ ഉറപ്പിച്ച് നൽകിയ സ്ഥാപനം കൂടിയ നിരക്കുകൾ രേഖപ്പെടുത്തിയിരിക്കുന്ന ഇനത്തിലുള്ള വിളക്കുകളിൽ കൂടുതൽ അറ്റകുറ്റപ്പണികൾ നടത്തുകയാണെങ്കിൽ അറ്റകുറ്റപ്പണികൾക്ക് അധിക തുക നൽകേണ്ട സാഹചര്യം ഉണ്ടാവും. 4 എണ്ണത്തിനും കുറവ് തുക ശ്രീ. ഹാഫിസ് പി.പി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും നിരക്ക് കൂടുതൽ രേഖപ്പെടുത്തിയ ഇനമാണോ കുറവ് രേഖപ്പെടുത്തിയ ഇനമാണോ അധികമുള്ളത് എന്നതിൽ ഒരു വ്യക്തതയുമില്ല. 2.11.22ലാണ് കരാർ നിലവിൽ വന്നത്.

22-23 ൽ പ്രോജക്ടിന് 198/23 ആയി അംഗീകാരം ലഭിച്ചുവെങ്കിലും 221/24 നമ്പർ ആയി പ്രോജക്ട് 23-24 – ലാണ് നടപ്പാക്കിയിരിക്കുന്നത്. വീണ്ടും 270/25നമ്പർ ആയി പുതുക്കി. ഈ വർഷം ഈയിനത്തിൽ താഴെപ്പറയുന്ന പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ നമ്പർ/ തീയതി | തുക |
|---|---|
| 22400416/6.7.2024 | 300000 |

16.10.23 – ൽ 221/24 പദ്ധതിയിൽ 400000 രൂപ പാർട്ട് ബിൽ ആയി നൽകാൻ 1(4) നമ്പർ പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇതനുസരിച്ച് 40000 രൂപ റിടെൻഷനും 8000 രൂപ ജിഎസ്ടിയും 4000 രൂപ ആദായനികുതിയും കിഴിച്ച് ബാക്കി 348000 രൂപയുടെ ബിൽ നൽകിയിട്ടുണ്ട്.

കെഎസ് ഇബി - യുടെ നിലാവ് പദ്ധതി പ്രകാരം സ്ഥാപിച്ച എൽ.ഇ.ഡി ബൾബുകൾ മാറ്റി സ്ഥാപിക്കുന്നതിന് ലേബർ ചാർജ് ആയി 166 രൂപയും 18% ജിഎസ് ടിയും കെഎസ് ഇബി ക്ക് നൽകണം. മറ്റ് ഏജൻസികളെയാണ് ഏൽപ്പിക്കുന്നതെങ്കിൽ ഈ നിരക്കിൽ കവിയാൻ പാടുള്ളതല്ല എന്ന് 26.10.22 -ലെ ഇ.ഡബ്ല്യു.ബി1/101/2020, നമ്പർ സർക്കുലർ നിലവിലുള്ളതാണ്.

നിലാവ് പദ്ധതിയിലെ 101 ബൾബുകളിൽ 74 എണ്ണം ബൾബുകൾ മാറ്റി നൽകിയതായി കെ.എസ്.ഇ.ബി കറുകുറ്റി അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ഇതിന് എപ്രകാരമാണ് തുക കണക്കാക്കിയതെന്ന് വ്യക്തമാക്കിയിട്ടില്ല

കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലല്ലാതെ തെരുവ് വിളക്കുമായി ബന്ധപ്പെട്ട് യാതൊരു പ്രവൃത്തികളും ചെയ്യരുതെന്ന് കെ.എസ്.ഇ.ബി അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷനിൽ നിന്നും 3.11.23 – ലെ ഡിബി 31/23-24/197 നമ്പർ പ്രകാരം സെക്രട്ടറിക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

അതനുസരിച്ച് കെ.എസ്.ഇ.ബി ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ എത്ര വിളക്കുകൾ നന്നാക്കി എന്നത് സംബന്ധിച്ച രേഖകൾ കെ.എസ്.ഇ.ബി-യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. അത് കൊണ്ട് തന്നെ എത്ര വിളക്കുകൾ

നന്നാക്കി എന്നതിന്റെ ആധികാരികത ഇല്ല

ഇത് സംബന്ധിച്ച് 3.6.25ൽ 17-ാം നമ്പറായി പഞ്ചായത്ത് പരിധിയിൽ ആകെ എത്ര തെരുവ് വിളക്കുകൾ ഉണ്ട് എന്ന് തിട്ടപ്പെടുത്തുന്നതിനായി കെ.എസ്.ഇ.ബി അധികൃതർക്ക് എസ്.സി.389/24 പ്രകാരം 15.6.2024 – ൽ പഞ്ചായത്ത് അധികൃതർ കത്ത് നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികൾ പൂർത്തിയായതിനുശേഷമാണ് ഇപ്രകാരം കണക്കുകൾ ആവശ്യപ്പെട്ടിരിക്കുന്നത്. ബൾബുകളുടെ യഥാർത്ഥ കണക്കെടുപ്പില്ലാതെയാണ് 2022-23 വർഷത്തിൽ 10ലക്ഷം രൂപയുടെ അടങ്കൽ തയ്യാറാക്കിയതെന്നാണ് വ്യക്തമാകുന്നത്. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-20 സ്ട്രീറ്റ് ലൈൻ വലിക്കൽ - വേല പൂർത്തിയായിട്ടില്ല 1586182/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 46/25 – സ്ട്രീറ്റ് ലൈൻ വലിക്കൽ കെ.എസ്.ഇ.ബി ഡെപ്പോസിറ്റ് വർക്ക് |
| അടങ്കൽ | ₹1635000 |
| ചെലവ് | ₹1586182 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതി നിക്ഷേപ പ്രവൃത്തിയായി നടപ്പാക്കുന്നതിന് വേണ്ടി 1635000/- രൂപ അടങ്കൽ കണക്കാക്കുകയും 1586182/- രൂപ കെ.എസ്.ഇ.ബിക്ക് നൽകുകയും ചെയ്തിട്ടുണ്ട്. താഴെപ്പറയുന്ന പ്രകാരമാണ് തുകകൾ നൽകിയിരിക്കുന്നത്.

| തുക നൽകിയ കെ.എസ്.ഇ.ബി സെക്ഷൻ ഓഫീസ് | വൗച്ചർ നം./ തീയതി | തുക ₹ |
|---|---|---|
| കറുകുറ്റി | 401616/26.3.25 | 1173048 |
| കൊരട്ടി | ,, | 94922 |
| അങ്കമാലി | 401675/26.3.25 | 118223 |
| മൂക്കന്നൂർ | ,, | 199989 |
| ആകെ | | 1586182 |

എല്ലാ വാർഡുകളിലും സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ എന്ന പദ്ധതിക്ക് വേണ്ടി എല്ലാ വാർഡുകളിലേക്കും 100000/- രൂപ വീതം വകയിരുത്തിയിരുന്നു. എങ്കിലും ചില വാർഡുകളിൽ ഒരു ലക്ഷം രൂപക്ക് താഴെയാണ് എസ്റ്റിമേറ്റ് ലഭ്യമായിട്ടുള്ളത്. എന്നാൽ ബാക്കിയുള്ള തുകക്ക് അതാത് വാർഡുകളിൽ തന്നെ പോസ്റ്റ് മാറ്റുന്നതിനുള്ള അനുമതി നൽകണമെന്ന് വിവിധ അംഗങ്ങൾ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റ് മാറ്റുന്നതിനുള്ള എസ്റ്റിമേറ്റ് ലഭ്യമാക്കണമെന്ന് കെഎസ്ഇബി കറുകുറ്റിയോട് ആവശ്യപ്പെട്ടുകൊണ്ട് 20.03.2025 – ലെ 1(5) നമ്പർ കമ്മിറ്റിയിൽ തീരുമാനം എടുത്തിട്ടുണ്ട്. തുകകൾ കൈമാറിയതിനുശേഷമാണ് ഇപ്രകാരം തീരുമാനം എടുത്തത്. ഇതിൽ നിന്നും വ്യക്തമാകുന്ന കാര്യം ആവശ്യകത പരിഗണിക്കുകയോ കണക്കാക്കുകയോ ചെയ്യാതെ കെഎസ്ഇബി ക്ക് ഒരുമിച്ച് തുക കൈമാറി എന്നതാണ്. മാത്രമല്ല പഞ്ചായത്ത് അതിർത്തിയിൽ ഏതെങ്കിലും പ്രദേശത്ത് സ്ട്രീറ്റ് ലൈൻ വലിക്കാത്തതായിട്ടുണ്ടോയെന്ന് റിപ്പോർട്ട് ചെയ്തിട്ടില്ല. തുകകൾ മിച്ചം വന്നു എന്നതിൽ നിന്നും മിക്കവാറും എല്ലാ പ്രദേശങ്ങളിലും തന്നെ സ്ട്രീറ്റ് ലൈനുകൾ സ്ഥാപിച്ചിട്ടുള്ളതാണെന്നതിനാൽ ആവശ്യകത പരിഗണിക്കാതെയാണ് തുകകൾ കണക്കാക്കിയിരിക്കുന്നത് എന്നത് വ്യക്തമാണ്. പുതിയ സ്ട്രീറ്റ് ലൈൻ വലിക്കേണ്ടതിന് പഞ്ചായത്ത് പുതിയതായി റോഡുകൾ നിർമ്മിച്ചിട്ടുമില്ല. സ്ട്രീറ്റ് ലൈൻ വലിക്കാത്തതിനാൽ ബാക്കിയായ തുക പോസ്റ്റ് മാറ്റുന്നതിന് ചെലവഴിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ കിടക്കുന്ന പോസ്റ്റ് മാറ്റേണ്ട സാഹചര്യങ്ങൾ വ്യക്തമാക്കിയിട്ടില്ല.

ഏതെല്ലാം സ്ഥലങ്ങളിലാണ് പുതിയതായി സ്ട്രീറ്റ് ലൈൻ വലിച്ചതെന്നുള്ള വിവരങ്ങളും മാറ്റേണ്ട പോസ്റ്റുകൾ സംബന്ധിച്ച വിവരങ്ങളും ഫയലിൽ ഇല്ല. ഈ വേല പൂർത്തീകരിച്ചതിന്റെ രേഖകളും ഇല്ലാത്ത സാഹചര്യത്തിൽ തദ്വർഷം ഈയിനത്തിൽ ചെലവാക്കിയ 1586182/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-21 പഞ്ചായത്ത് പരിധിയിൽ സിസിടിവി സ്ഥാപിച്ചത് പൂർണ്ണമായി പ്രവർത്തനക്ഷമമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 273/25 – പഞ്ചായത്ത് പരിധിയിൽ സി.സി.ടി.വി. |

| | |
|---|---|
| | സ്ഥാപിക്കൽ |
| അടങ്കൽ | ₹2500000/- |
| ചെലവ് | ₹1000000/- |
| നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി | |

പൊതു സ്ഥലങ്ങളിൽ ക്യാമറ സ്ഥാപിക്കൽ എന്ന പ്രോജക്ടിനായി 2500000/- രൂപ അടങ്കലിൽ ഇ-ടെണ്ടർ ക്ഷണിക്കുകയും ആയതിൽ ആക്ഷർ ഡിജിറ്റൽ സ്റ്റോർ എന്ന സ്ഥാപനത്തിന്റെ 2447423/- രൂപയുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു.

2447423/- രൂപയുടെ ഇൻവോയ്സ് ആണ് സ്ഥാപനം ഹാജരാക്കിയിരിക്കുന്നത്. ഇതിൽ 1000000/- രൂപ തന്‍ വർഷം 30.3.25 – ലെ വൗച്ചർ നമ്പർ 401646, 401647 എന്നിവ പ്രകാരം നൽകിയിട്ടുണ്ട്. ആകെ 47 ക്യാമറയാണ് സ്ഥാപനത്തിന്റെ 14.11.2024 -ലെ 137 നമ്പർ ഇൻവോയ്സ് പ്രകാരം ഉള്ളത്.

10.09.2024 -ലെ പ്രിലിമിനറി എഗ്രിമെന്റ് പ്രകാരം 51 ക്യാമറ സ്ഥാപിക്കുമെന്നാണ് സ്ഥാപനം സമ്മതിച്ചിരിക്കുന്നത്.

രണ്ട് വർഷമാണ് ഉപകരണങ്ങളുടെ വാറന്റി. എന്നാൽ ഇതുവരെയും ക്യാമറകൾ പൂർണ്ണമായി പ്രവർത്തനം ഉറപ്പായതായി കാണുന്നില്ല. ക്യാമറ സ്ഥാപിച്ച് പ്രവർത്തന സജ്ജമാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

1-22 വാട്ടർ അതോറിറ്റി നടത്തേണ്ടതായിരിക്കുന്ന പദ്ധതിയിൽ 3519600/- രൂപ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്കിന് നൽകി

പഞ്ചായത്തിലെ 1, 17 എന്നീ വാർഡുകളിലെ ആവശ്യമായ കുടിവെള്ള പദ്ധതിക്ക് വേണ്ടി ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ താഴെപ്പറയും പ്രകാരം വാട്ടർ അതോറിറ്റിക്ക് തുകകൾ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | അടങ്കൽ | തന്‍വർഷം നൽകിയ തുക | ബിൽ നമ്പർ / തീയതി | സെന്റേജ് ചാർജ് കണക്കാക്കിയിരിക്കുന്നത് 11.02% | പരസ്യ ചാർജ് കണക്കാക്കിയിരിക്കുന്നത് |
|---|---|---|---|---|---|
| 370/25 | 1500000 | 1500000 | 401559/17.03.25 | 125834.41 | 7500 |
| 372/25 | 2019600 | 2019600 | 401638/ 29.03.25 | 171855.71 | 7500 |
| ആകെ | | 3519600 | | | |

കുളം പുതുക്കി പണിയുന്നതിന് 2019600/- രൂപയും മോട്ടോറും അനുബന്ധ സാമഗ്രികളും പുതിയത് വാങ്ങുന്നതിന് അവസാന ഘട്ട പ്രവർത്തനങ്ങൾക്കായിട്ട് 15 ലക്ഷം രൂപയുമാണ് നൽകിയിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളത്തിൽ നിന്നും നേരിട്ട് ഘടിപ്പിച്ചിട്ടുള്ള പൈപ്പ് വഴി കിണറിലേക്ക് വെള്ളം എത്തിക്കുകയും ആയത് വാട്ടർ അതോറിറ്റി പമ്പ് ചെയ്ത് ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്.

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളത്തിന്റെ കരിങ്കൽ കെട്ട് ചില ഭാഗങ്ങൾ ഇടിഞ്ഞ് പോയിരിക്കുന്നതിനാൽ വീണ്ടും പുതുക്കി സ്ഥാപിക്കേണ്ടതുണ്ട്. ഇത് പുതുക്കി കെട്ടുന്നതിന് പഞ്ചായത്തിന് ക്ഷമതയുള്ള ഉദ്യോഗസ്ഥർ ഉണ്ടായിരിക്കെ നേരിട്ട് പ്രോജക്ട് നടപ്പാക്കാതെ വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് വർക്ക് ആയി പ്രവൃത്തി നൽകി. ഇത് വഴി സെന്റേജ് ചാർജ്ജും പരസ്യ ചാർജ്ജും അധികമായി നൽകേണ്ടി വന്നു. അന്വേഷണത്തിൽ നിലവിലുള്ള പമ്പ് സെറ്റിന്റെ അവസ്ഥ എന്താണെന്നോ ആയത് മാറ്റേണ്ട ആവശ്യകത എന്താണെന്നോ പ്രസ്തുത പമ്പ് സെറ്റ് ആരാണ് സ്ഥാപിച്ചതെന്നോ വ്യക്തമാക്കിയിട്ടില്ല. വാട്ടർ അതോറിറ്റിയുടെ ഉടമസ്ഥാവകാശത്തിലുള്ള പമ്പ് സെറ്റ് ആണെങ്കിൽ ആയത് മാറ്റി സ്ഥാപിക്കേണ്ട ഉത്തരവാദിത്തം വാട്ടർ അതോറിറ്റിയുടേതാണ്. ആയത് കണക്കിലെടുക്കാതെയാണ് പുതിയ മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് 1500000 രൂപ പഞ്ചായത്ത് വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരിക്കുന്നത്. ഇതിന്റെ വരിസംഖ്യ ഗുണഭോക്താക്കളിൽ നിന്നും വാട്ടർ അതോറിറ്റി ഈടാക്കുന്നതായി പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്. ഇപ്രകാരം വാട്ടർ അതോറിറ്റി തുക ഈടാക്കുന്നതിന്റെ ഔചിത്യം വ്യക്തമല്ല.

വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ എന്ന ഇനത്തിലും മറ്റ് പ്രോജക്ടുകൾക്കായി വർഷങ്ങളോളമായി വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്ക് ഇനത്തിൽ തുകകൾ കൈമാറുന്നുണ്ട്. ഇപ്രകാരം കൈമാറിയ തുകയിൽ 8425107/- രൂപയുടെ ജോലികൾ 2023-24 വർഷത്തിലും വാട്ടർ അതോറിറ്റി നടത്തിയിട്ടില്ല. ഈ തുക 2024-25 വർഷത്തെ അക്കൗണ്ട്സിൽ ബി-18 ഷെഡ്യൂളിൽ വാട്ടർ അതോറിറ്റിയുടെ പക്കൽ ശേഷിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

പഞ്ചായത്ത് ഉടമസ്ഥതയിലുള്ള കുളത്തിൽ പഞ്ചായത്ത് ചെലവിൽ മോട്ടോറും മറ്റ് അനുബന്ധ സാമഗ്രികളും പൈപ്പ്

മഷീനുകളും സ്ഥാപിക്കുകയും എന്നാൽ ഇതിന്റെ പരിപാലനവും നടത്തിപ്പും ഗുണഭോക്തൃ സമിതി രൂപീകരിച്ച് സമിതിയെ ഏൽപ്പിക്കുന്നതിന് പകരം വാട്ടർ അതോറിറ്റിയെ ഏൽപ്പിച്ച് അവർ ഗുണഭോക്താക്കളിൽ നിന്നും വരിസംഖ്യ ഈടാക്കുന്ന സംവിധാനമാണ് നിലവിലുള്ളത്.

27.2.2025 – ലെ 1(4) നമ്പർ ആയുള്ള കമ്മിറ്റി തീരുമാനം പ്രകാരമാണ് ഈ പ്രോജക്ടുകൾ നടപ്പാക്കാൻ തീരുമാനിച്ചിരിക്കുന്നത്. 6.3.2025 – ൽ എ3-3555/2025 നമ്പർ ആയി 1500000/- രൂപയുടെ എസ്റ്റിമേറ്റും 18.3.25 – ൽ 2019600 രൂപയുടെ എ3-3442/25 നമ്പർ എസ്റ്റിമേറ്റും വാട്ടർ അതോറിറ്റി തയ്യാറാക്കിയിരിക്കുന്നത് സെക്രട്ടറിയുടെ കത്തിന്റെ അടിസ്ഥാനത്തിലല്ല മറിച്ച് 27.2.2025 – ലെ 1(4) നമ്പർ ആയുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് കാണുന്നു.

നൂറ് ശതമാനം ഗ്രാമീണ ഭവനങ്ങൾക്കും ഗാർഹിക കുടിവെള്ള കണക്ഷൻ എന്ന ലക്ഷ്യത്തോടെ കേന്ദ്ര സംസ്ഥാന സർക്കാരുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലൂടെ നടപ്പാക്കുന്ന ജൽ ജീവൻ മിഷൻ പദ്ധതി ഈ പഞ്ചായത്തിലും നടപ്പാക്കിയിട്ടുള്ളതാണ്. ഇതിന് ശേഷമാണ് മേൽപ്പറഞ്ഞ പ്രകാരം വാട്ടർ അതോറിറ്റിക്ക് തുക കൈമാറിയത്. ഏകദേശം 700 ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ കീഴിൽ ഉള്ളതായി പഞ്ചായത്ത് അധികൃതർ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിൽ വാട്ടർ അതോറിറ്റി പരിപാലിച്ച് നടത്തിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയിൽ വാട്ടർ അതോറിറ്റി ആവശ്യപ്പെടാതെ തന്നെ 35 ലക്ഷം രൂപയിൽ കൂടുതൽ തുക ചെലവഴിച്ച് പഞ്ചായത്ത് അറ്റകുറ്റപ്പണികൾ നടത്തിയിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി(നം. 9/30.05.2025) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

ആകയാൽ പദ്ധതി പഞ്ചായത്ത് അല്ല നടത്തുന്നത് മറിച്ച് വാട്ടർ അതോറിറ്റി ആണെന്നതിനാലും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളം ടെണ്ടർ മുഖേന പഞ്ചായത്തിന് നേരിട്ട് അറ്റകുറ്റപ്പണികൾ നടത്താമായിരുന്നിട്ടും അനുവദനീയമല്ലാത്ത ഡെപ്പോസിറ്റ് വർക്ക് ആയി നടത്താൻ തുക വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചതിനാലും ഇതുവരെയും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതിനാലും ഈ ഇനത്തിൽ ചെലവാക്കിയ 3519600/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-23 മാലിന്യ നിക്ഷേപം തടയുന്നതിന് ബോർഡുകൾ സ്ഥാപിച്ചത് - ടെണ്ടറും എസ്റ്റിമേറ്റും പ്രകാരം നിശ്ചയിച്ച നിരക്കിൽ നിന്നും എണ്ണത്തിൽ നിന്നും മാറ്റം വരുത്തി - 78755 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 261/25 – പൊതു സ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് ബോർഡുകൾ സ്ഥാപിക്കൽ |
| അടങ്കൽ | ₹452000/- |
| ചെലവ് | ₹300000/- |
| നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി | |

പൊതുസ്ഥലങ്ങളിൽ മാലിന്യ നിക്ഷേപം തടയുന്നതിന് ബോർഡുകൾ സ്ഥാപിക്കുന്നതിനായി 0155/24 നമ്പർ ആയി 197500 രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കിയിരുന്നു. ഇതിനായി 5.10.23 – ൽ ടെണ്ടർ ക്ഷണിച്ചതിൽ അടങ്കൽ 480000 രൂപയാണ് ചേർത്തിരിക്കുന്നത്. 2024-25 വർഷത്തിൽ 261/25 നമ്പർ പ്രോജക്ട് ആയി 452000 രൂപ അടങ്കലും 300000 രൂപ ചെലവും ഉള്ളതായി സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുണ്ട്. ഇപ്രകാരം അടങ്കൽ തുകയിൽ ഇടയ്ക്കിടെ മാറ്റം വരുത്തിയതിന്റെ കാരണമോ സാഹചര്യമോ വ്യക്തമാക്കിയിട്ടില്ല.

മാലിന്യ നിക്ഷേപം തടയുന്നതിന് 68 High Intensity Reflective Sheet ബോർഡുകൾ 4x2.5 അടി വലിപ്പത്തിൽ സ്ഥാപിക്കുന്നതിനായും 10 സ്വാഗത ബോർഡുകൾ 5x3 അടി വലിപ്പത്തിൽ സ്ഥാപിക്കുന്നതിനായും ആണ് 480000 രൂപ അടങ്കലിൽ ടെണ്ടർ ക്ഷണിച്ചത്. എന്നാൽ പ്രസ്തുത വർഷം പദ്ധതി നടപ്പാക്കിയില്ല 19 .10.2023 – ൽ ടെണ്ടർ ലഭ്യമായിരുന്നുവെങ്കിലും സി എസ് ആർ ഫണ്ട് ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തി ചെയ്യാൻ സാദ്ധ്യതയുണ്ടായിരുന്നതിനാൽ തുടർനടപടി സ്വീകരിച്ചില്ല എന്നും നിലവിൽ സ്പോൺസർഷിപ്പിൽ ചെയ്യാൻ സാധിക്കാത്ത സാഹചര്യത്തിൽ ടെണ്ടറിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ഇമ്പാക്ട് എന്റർപ്രൈസസ് മലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെണ്ടർ അംഗീകരിക്കുകയും തുടർനടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയും ചെയ്തു എന്ന് 12.03.2024ൽ 1(1) നമ്പർ ആയി കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ട്. ഇതനുസരിച്ച് 261/25 ആയി 2024-25 വർഷത്തിൽ പ്രോജക്ട് നടപ്പിലാക്കുകയും വൗച്ചർ നമ്പർ 401680/31.3.25 പ്രകാരം 300000/- രൂപ അഡ്വാൻസ് അനുവദിക്കുകയും ചെയ്തു.

ഫയൽ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ ടെണ്ടറുകൾ ഉള്ളതായും നിരക്കുകൾ

രേഖപ്പെടുത്തിയിട്ടുള്ളതായും കണ്ടു.

| സ്ഥാപനം | മാലിന്യം തള്ളൽ ബോർഡ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് | സ്വാഗത ബോർഡ് നിരക്ക് രേഖപ്പെടുത്തിയിട്ടുള്ളത് | മാലിന്യം ബോർഡ് സൈസ് | സ്വാഗത ബോർഡിന്റെസൈസ് | ആകെ രേഖപ്പെടുത്തിയിട്ടുള്ളത് /ആകെ വരുന്നത് |
|---|---|---|---|---|---|
| കെ.പി.എം എന്റർപ്രൈസസ് പാലക്കാട് | 4440 | 14400 | ടെണ്ടർ പ്രകാരം | ടെണ്ടർ പ്രകാരം | 445920 (ആകെ നിരക്ക് ചേർത്തിട്ടില്ല) |
| ഇംപാക്റ്റ് എന്റർപ്രൈസസ് മലപ്പുറം | 5165 | 6130 | 5" X 3 " | 4x2.5" | 412520 (ടെണ്ടറിൽ 1-ാം നമ്പറിന് 6130 രൂപയും 2-ാം നമ്പറിന് 5165 രൂപയുമാണ് ചേർത്തിരിക്കുന്നത്. ) |
| മജസ്റ്റിക് | 8269 | 6900 | 46 Inch 30 Inch (4x2.5) | 1.50" X .75" | 631292 (ആകെ നിരക്ക് ചേർത്തിട്ടില്ല) |
| | 12004 | 8206 | | | |
| ആന്റണി പി ജെ | - | - | | | 480000/-രൂപയിൽ നിന്നും 10.3% താഴ്ച = 430560 |
| വൈബ്സ് കടമ്പാപ്പള്ളി | 5749 | 3749 | 4x2.5ft | 5 X 3 Ft | 448422 |

വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയ, സർട്ടിഫൈ ചെയ്യാത്ത ഒരു കമ്പാരിസൺ സ്റ്റേറ്റ്മെന്റിൽ ചേർത്തിരിക്കുന്നത് താഴെപ്പറയുന്ന നിരക്കുകൾ മാത്രമാണ്.

| | |
|---|---|
| വൈബ്സ് | 443422 |
| ആന്റണി | 430560 |
| ഇംപാക്റ്റ് | 412520 |
| മജസ്റ്റിക് | 8269, 6900, 12004, 8206 |

ഇതിൽ ടെണ്ടർ ഉറപ്പിച്ച് നൽകിയത് ഇംപാക്റ്റ് എന്റർപ്രൈസസ് മലപ്പുറം എന്ന സ്ഥാപനത്തിനാണ്. ഇവർ ടെണ്ടർ ഫോം സമർപ്പിച്ചിട്ടുണ്ടെങ്കിലും അതിനുള്ളിൽ നിരക്കുകൾ രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഇവരുടെ ലെറ്റർ പാഡിൽ തിയതി ഇല്ലാതെ നിരക്കുകൾ രേഖപ്പെടുത്തിയതാണ് പരിഗണിച്ചിരിക്കുന്നത്. ടെണ്ടർ ഫോമിൽ നിരക്കുകൾ രേഖപ്പെടുത്താതെ ലെറ്റർ പാഡിൽ നൽകിയതായത് കൊണ്ട് തന്നെ ഇതിൽ എപ്പോൾ വേണമെങ്കിലും മാറ്റം വരുത്താവുന്നതാണ്.

ഈ സ്ഥാപനം മലപ്പുറം ആണ് ആസ്ഥാനമായി കാണിച്ചിരിക്കുന്നതെങ്കിലും ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് ഐ എഫ് എസ് സി നമ്പർ SBIN0070251 ചെർപ്പുളശ്ശേരി ആണ്. എന്നാൽ സാംഖ്യ ബില്ലിൽ ചേർത്തിരിക്കുന്നത് SBIN0010702 എന്ന ഐ.എഫ്.എസ്.സി നമ്പർ ആണ്. പഞ്ചായത്തിന് ഈ നമ്പർ ലഭിച്ചതിന്റെ ആധികാരികത ഫയലിൽ ഇല്ല. അക്കൗണ്ട് നമ്പർ ഇൻവോയിസിൽ രേഖപ്പെടുത്തിയിരിക്കുന്നത് തന്നെയാണ് സാംഖ്യ ബില്ലിലും. മറ്റൊരു ടെണ്ടർ ആയ കെ.പി.എം എന്റർപ്രൈസസ് പാലക്കാട് എന്ന സ്ഥാപനത്തിന്റെയും ബാങ്ക് ഐ.എഫ്.എസ്.സി നമ്പർ SBIN0070251 ചെർപ്പുളശ്ശേരി എന്ന ശാഖ തന്നെയാണ്. ഈ സ്ഥാപനവും ടെണ്ടർ ഫോം സമർപ്പിച്ചിട്ടുണ്ടെങ്കിലും അതിനുള്ളിൽ നിരക്കുകൾ രേഖപ്പെടുത്തുകയോ സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യാതെ ഇവരുടെ ലെറ്റർ പാഡിൽ നിരക്കുകൾ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്.

ടെണ്ടർ സമർപ്പിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളെയും ചേർത്ത് വ്യക്തമായ കമ്പാരിസൺ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല. നെഗോഷ്യേഷന് തയ്യാറാണെന്ന് ടെണ്ടറിൽ ചില സ്ഥാപനങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അവരുമായോ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയവരുമായോ ഉൾപ്പെടുത്തി നെഗോഷ്യേഷൻ നടത്തിയിട്ടില്ല.

ടെണ്ടറിൽ വ്യക്തമാക്കിയിട്ടുള്ള ഇനങ്ങളും നിരക്കും തുകയും വ്യത്യാസം വന്നിട്ടുണ്ട്. ഇത് സംബന്ധിച്ച് 28.5.25 – ൽ 1-ാം നമ്പർ ആയി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി 2025 ജനുവരി മുതൽ മാർച്ച് 31 – നകം

അടിയന്തിരമായി പ്രവൃത്തി പൂർത്തീകരിക്കേണ്ടി വന്നുവെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 23-24 – ൽ അംഗീകാരം ലഭിച്ച പ്രോജക്ട് ആ വർഷം നടപ്പാക്കാതെ 24-25 – ൽ സ്പിൽ ഓവർ ആയിട്ടാണ് നടപ്പാക്കിയിട്ടുള്ളത്.

ആകെ 84 ഡയറക്ഷൻ ബോർഡ് സ്ഥാപിച്ച ഇനത്തിൽ 448365/- രൂപയുടെ ഇൻവോയ്സ് ആണ് (040/27.3.25) സ്ഥാപനം നൽകിയിരിക്കുന്നത്. High Intensity Reflective Sheet സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത് എങ്കിലും ഡയറക്ഷൻ ബോർഡ് ആണ് സ്ഥാപിച്ചിരിക്കുന്നത്. 5165/- രൂപയുടെ 81 ബോർഡും 10000/- രൂപയുടെ 3 ബോർഡുമാണ് ആകെ ഇൻവോയ്സിൽ ഉള്ളത്. സ്വാഗത ബോർഡ് ഒരെണ്ണത്തിന് 6130 രൂപയാണ് രേഖപ്പെടുത്തിയിരിക്കുന്നതെങ്കിലും ഇൻവോയ്സിൽ ഒരെണ്ണത്തിന് 10000 രൂപയാണ് നിരക്ക് രേഖപ്പെടുത്തിയിരിക്കുന്നത്. അനാവശ്യമല്ല ഉചിത മാറ്റ് പ്രത്യാഘാതത്തിനായിട്ടാണ് 10000 രൂപയുടെ ബോർഡ് സ്ഥാപിച്ചിരിക്കുന്നത്. ഇതിന് മെറ്റീരിയൽ പറഞ്ഞതിനേക്കാൾ ഒരെണ്ണത്തിന് 3870/- രൂപ വീതം ആകെ 11610 രൂപ കൂടുതൽ ആണ് നൽകിയിരിക്കുന്നത്. കൂടാതെ മതിയായ നിർദ്ദേശപത്രത്തിലെയുള്ള ബോർഡ് ആകെ 68 എണ്ണം ആണ് സ്ഥാപിക്കേണ്ടതെങ്കിലും 81 എണ്ണം സ്ഥാപിച്ചതിനാൽ 13 എണ്ണത്തിന്റെ നിരക്ക് 67145 (13 * 5165) കൂടുതലാണ്. ആവശ്യപ്പെട്ടതിലും എണ്ണവും നിരക്കുമുള്ള ഇൻവോയ്സിലുള്ളത്. ഇപ്രകാരം മെമ്പറുടെ താൽപ്പര്യത്തിനനുസൃതമായി നിരക്കും എണ്ണവും മാറുന്ന സാഹചര്യത്തിൽ മെമ്പറിന് പ്രസക്തി ഇല്ല. അടങ്കൽ തുകയിൽ ഇരട്ടിയായി മാറ്റം വരുത്തിയതിന് ശേഷമാണ് പ്രവൃത്തി നടപ്പാക്കിയിട്ടുള്ളതും. ഇതിൽ ഏകദേശം പകുതിയോളം ബോർഡുകൾ പഞ്ചായത്ത് കാര്യാലയത്തിന്റെ മുൻപിൽ നിരത്തി സ്ഥാപിച്ചിട്ടുണ്ട്.

മെമ്പറിന്റെ വിവേചനമായി 3 ബോർഡിന് അധികമായി നൽകിയ 11610 ( 10000-6130 = 3870 X 3) രൂപയും 13 എണ്ണം അധികമായി സ്ഥാപിച്ചതിനാൽ 67145 (5165 X 13) രൂപയും ഉൾപ്പെടെ ആകെ 78755 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-24 ശാസ്താം പാറ കുടിവെള്ള പദ്ധതി പദ്ധതി പൂർത്തീകരിച്ചില്ല 300000/-രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

ശാസ്താം പാറ കുടിവെള്ള പദ്ധതിക്കായി 11.11.24- ലെ പഞ്ചായത്ത് കമ്മിറ്റി 3-ാം നമ്പർ തീരുമാനം പ്രകാരം 300000/- രൂപ വകയിരുത്തുകയും തുക ഡെപ്പോസിറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി നൽകാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൻപ്രകാരം 25.1.2025 – ൽ വാട്ടർ അതോറിറ്റി 300000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി നൽകുകയും വൗച്ചർ നമ്പർ 4018554/22.2.25 പ്രകാരം ഈ തുക പഞ്ചായത്തിൽ നിന്നും ഡെപ്പോസിറ്റ് ആയി നൽകുകയും ചെയ്തു.

ഈ പദ്ധതിക്ക് എത്ര നീളത്തിൽ പൈപ്പ് സ്ഥാപിക്കണമെന്നോ ആയതിന് എന്ത് ചെലവ് വരുമെന്നോ കണക്കാക്കാതെ ഒരു തുക വകയിരുത്തുകയും പ്രസ്തുത തുകക്കുള്ള എസ്റ്റിമേറ്റ് വാട്ടർ അതോറിറ്റി തയ്യാറാക്കി നൽകുകയുമാണ് ചെയ്തിരിക്കുന്നത്.

ഇത സംബന്ധിച്ച് 3.6.25ൽ 20-ാം നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭിച്ചിട്ടില്ല

ഈ പദ്ധതി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ ഇതിനത്തിൽ ചെലവാക്കിയ 300000/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

1-25 ഇറിഗേഷൻ പദ്ധതികൾ ഗുണഭോക്തൃ സമിതികൾ വൈദ്യുതി ചാർജ്ജ് അടവാക്കാതെ പഞ്ചായത്ത് അടവാക്കുന്നു.

പഞ്ചായത്തിലെ അസറ്റ് രജിസ്റ്റർ പ്രകാരം 2024-25 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ നിന്നും 17 കുടിവെള്ള പദ്ധതികൾ ഉള്ളതായി കാണുന്നു. ഇവയുടെ വൈദ്യുതി ചാർജ്ജിനത്തിൽ 202879/-രൂപ നൽകിയതായി ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് –ൽ രേഖപ്പെടുത്തിയിട്ടുണ്ട്.

ജി.ഒ (എം.എസ്) 20/2002, തദ്ദേശസ്വയംഭരണം 6.2.2002, ജി.ഒ (എം.എസ്) 40/2004, തദ്ദേശസ്വയംഭരണം 31.3.2004 എന്നിവ പ്രകാരം നിർമ്മാണം പൂർത്തിയായ ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതിയോ കർഷക സമിതിയോ ആണ് നടത്തേണ്ടത്. ഇതിനായി സഹകരണ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതുണ്ട്. സമിതി തയ്യാറായില്ലെങ്കിൽ മാത്രമാണ് ഈ പദ്ധതി തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നത്. എന്നാൽ ഇപ്രകാരം ഏറ്റെടുക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്ന് വൈദ്യുതി ചാർജ് പിരിക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം പിരിച്ചെടുക്കുകയോ ഇതാകുന്ന തുക പഞ്ചായത്തിൽ അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഇത സംബന്ധിച്ച് 30.05.2025ൽ 10-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി കുടിവെള്ള വിതരണം പഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈ പദ്ധതികൾ വഴിയുള്ള വെള്ളം കുടിവെള്ളമായിട്ടല്ല പറമ്പുകൾ നനയ്ക്കുന്നതായിട്ടാണ്

ഉപയോഗിക്കുന്നത്.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 10.11.2016 ലെ ജി.ഒ (ആർ.ടി) 3066/2016 പ്രകാരം പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ ഗുണഭോക്താക്കളായ കുടിവെള്ളപദ്ധതികളുടെ വൈദ്യുതിചാർജ് തനത് ഫണ്ടിൽ (എസ്.സി.പി/മെയിന്റനൻസ്) നിന്ന് അടയ്ക്കാമെങ്കിലും മറ്റു കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കാവുന്നതല്ല. തന്നെയുമല്ല കുടിവെള്ള പദ്ധതി എന്നാണ് രേഖപ്പെടുത്തുന്നതെങ്കിലും ഈ പഞ്ചായത്തിൽ ഇത് മിക്കവാറും എല്ലാം തന്നെ കൃഷിക്ക് വെള്ളം ഉപയോഗിക്കുന്ന ഇറിഗേഷൻ പദ്ധതികളാണ്. ഇതിനെല്ലാം ഗുണഭോക്തൃ സമിതികളുമുണ്ട്. ഈ പദ്ധതികളിൽ വെള്ളം ഉപയോഗിക്കുന്ന ഗുണഭോക്താക്കളിൽ നിന്ന് പഞ്ചായത്ത് തുക ഈടാക്കുന്നില്ല. ഗുണഭോക്തൃ സമിതികൾ തുക ഈടാക്കുകയും വൈദ്യുതി ചാർജ്ജും മെയിന്റനൻസ് ചാർജ്ജും പഞ്ചായത്ത് വഹിക്കുകയുമാണ് ചെയ്തിരിക്കുന്നത്. വൈദ്യുതി ചാർജ്ജും മെയിന്റനൻസ് ചാർജ്ജും പഞ്ചായത്ത് അടയ്ക്കുന്നത് അടിയന്തിരമായി ഒഴിവാക്കേണ്ടതും ഗുണഭോക്തൃ സമിതികളെ ഇതിനായി ചുമതലപ്പെടുത്തേണ്ടതുമാണ്.

## 1-26 ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള അക്രഡിറ്റേഷൻ ഇല്ലാത്ത ആർട്ടിക്കോക്ക് ടെണ്ടർ മുഖേനയല്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് നൽകിയ 259776 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 263/25- പഞ്ചായത്ത് ഓഫീസ് നവീകരണം |
| അടങ്കൽ | ₹800000/- |
| ചെലവ് | ₹695509/- |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ട് പ്രകാരം അക്രഡിറ്റ് ഏജൻസിയെക്കൊണ്ട് പഞ്ചായത്ത് ഓഫീസ് നവീകരണം എന്ന പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട്. സിഡ്കോയെയാണ് ഏൽപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നതെങ്കിലും ആർട്ടിക്കോ ട്രസ്റ്റ് എന്ന സ്ഥാപനത്തിനാണ് കരാർ നൽകിയത്. രണ്ട് ഇൻവോയ്സുകളിലായി ആകെ 1680452/- രൂപയുടെ പ്രവൃത്തിയാണ് നടപ്പാക്കിയിരിക്കുന്നത്. ഇതിൽ 1310900/- രൂപ നൽകിയിട്ടുണ്ട്. 27.3.2024 – ൽ നൽകിയിട്ടുണ്ട്. ബാക്കി 664335/- രൂപ 24-25 സാമ്പത്തികവർഷത്തിലാണ് നല്കിയിരിക്കുന്നത്. (വൗച്ചർ നമ്പർ- 401667/25.3.25) ഇതിൽ എ.സി. സ്ഥാപിക്കലും എൽ.ഇ.ഡി ലൈറ്റ് ഫിറ്റിംഗ്സും ഉൾപ്പെടുന്നു. ഇൻവോയ്സ് നമ്പർ ടി.എസ്/ആർ 640/21.3.24 പ്രകാരം 134976/- രൂപയ്ക്ക് 1.5 ടൺ എ.സി. 3 എണ്ണവും 124800/- രൂപക്ക് 1 ടൺ എ.സി. 3 എണ്ണവും വാങ്ങിയിട്ടുണ്ട്. ആദ്യം ഓഫീസ് നവീകരണത്തിനായി വർക്ക് ഓർഡർ നൽകിയതിനു ശേഷമാണ് 27.2.2024 – ലെ എസ്/സി -3458/24 നമ്പർ കത്ത് പ്രകാരം സെക്രട്ടറി ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള എസ്റ്റിമേറ്റ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരം ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള അക്രഡിറ്റേഷൻ ആർട്ടിക്കോക്ക് ലഭിച്ചിട്ടുണ്ടോ എന്ന കാര്യത്തിൽ വിശദീകരണം നൽകണമെന്ന് 3.6.2025 – ലെ 21 -ാം നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭിച്ചില്ല. ഇലക്ട്രിക്കൽ വർക്കുകൾക്കുള്ള അക്രഡിറ്റേഷൻ ഇല്ലാത്ത സ്ഥാപനത്തിന് ടെണ്ടർ മുഖേനയല്ലാതെ ഇലക്ട്രിക്കൽ പ്രവൃത്തിക്ക് നൽകിയ 259776/- രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

## 1-27 വി.ഇ.ഒ നടപ്പിലാക്കിയ പ്രോജക്ട് - വീട് പണി പൂർത്തിയാക്കിയിട്ടില്ല

ഓഡിറ്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയ പ്രോജക്ട് ഫയൽ, രജിസ്റ്റർ, മറ്റ് രേഖകൾ എന്നിവ പരിശോധിച്ചതു പ്രകാരം, ലൈഫ്ഭവനപദ്ധതി (പട്ടികജാതി), ലൈഫ്ഭവനപദ്ധതി (ജനറൽ) എന്നീ പദ്ധതികൾ മുഖേന അഡ്വാൻസ് കൈപ്പറ്റിയ, താഴെപ്പറയുന്നവരുടെ വീട് നിർമ്മാണത്തിൽ തുടർന്നുള്ള പുരോഗതിയൊന്നുമില്ലാതെ നിലനിൽക്കുന്നു.

ലൈഫ് ഭവനപദ്ധതി എസ്.സി. വിഭാഗം

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ തുക | ബിൽ നം./തീയതി/UTR No. |
|---|---|---|---|
| 1. | കമലൻ, ചെമ്പനിള്ളി ഹൗസ്, ഇടക്കുന്ന്. | ₹40,000.00 | 19/23.05.2023<br>UTR No. RBI1472374634146 |
| 2. | അനിൽ പി.കെ., ചെമ്പോട്ട് ഹൗസ്, ഇടക്കുന്ന്. | ₹3,60,000.00 | (1) ₹40,000.00<br>419/23.05.2023<br>UTR No. RBI1472374634149 |

| | | | |
|---|---|---|---|
| | | | (2) ₹1,60,000.00<br>ചെക്ക് നം.<br>138908/04.07.2023<br>(3) 128/18.09.2023<br>UTR No.<br>RBI2622385481962 |

ലൈഫ് ഭവനപദ്ധതി ജനറൽ വിഭാഗം

| ക്രമ നം. | ഗുണഭോക്താക്കളുടെ പേര് | കൈപ്പറ്റിയ അഡ്വാൻസ് തുക | ബിൽ നം./തീയതി/UTR No. |
|---|---|---|---|
| 1. | മറിയക്കുട്ടി, മലകുന്നത്ത് ഹൗസ്, തൃക്കുന്നപ്പിള്ളി | ₹40,000.00 | 8/12.05.2023<br>UTR No<br>RBI1372362320969 |
| 2. | കെ.വി. ഭാസൻ - സുജിത, കൊല്ലമുള്ളി | ₹40,000.00 | 61/24.06.2024<br>UTR No<br>RBI1892481569083 |
| 3. | നിക്ക് അഗസ്റ്റിൻ, കപ്പിൽ വീട്, ആലക്കോ | ₹40,000.00 | ചെക്ക് നം.<br>655134/18.11.24 |

മേൽ സൂചിപ്പിച്ചിരിക്കുന്ന അപാകതകളുമായി ബന്ധപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം.15/02.06.24) നൽകിയതിന് മറുപടിയായി അപാകതകൾ പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. മേൽ പദ്ധതികളിൽ പണം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ രേഖകളും മോണിറ്ററിംഗ് റിപ്പോർട്ടും പരിശോധനയ്ക്കായി ലഭ്യമാക്കേണ്ടതാണ്. പദ്ധതി ലക്ഷ്യപ്രാപ്തിയിലെത്തും വരെ നിർവ്വഹണോദ്യോഗസ്ഥന്റെയും, മോണിറ്ററിംഗ് സമിതിയുടെയും മേൽനോട്ടം ഉണ്ടാകേണ്ടതുമാണ്.

I-28 മെഡിക്കൽ ഓഫീസർ, ഹോമിയോ നടപ്പിലാക്കിയ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല ₹1,48,334/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 108/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| പ്രോജക്ടിന്റെ പേര് | ഹോമിയോ ആശുപത്രിക്ക് മരുന്നും ഡിസ്പെൻസറി സാധനങ്ങളും വാങ്ങൽ |
| ആകെ അടങ്കൽ തുക | ₹2,50,000/-<br>( റോഡിതരം - മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹2,50,000/- |
| ബിൽ നം./തീയതി | ₹2,00,000/-, 294/07.01.2025<br>₹50,000/-, 347/04.02.2025 |

മെഡിക്കൽ ഓഫീസർ, ഹോമിയോ 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ₹2,50,000/-(പ്രൊഫോമ ഇൻവോയ്സ് നം. #PF-575 തീയതി 08/10/2024(₹2,00,000/- & പ്രൊഫോമ ഇൻവോയ്സ് നം. #PF-1224 (₹50,000/-, തീയതി 08/10/2024) മരുന്ന് വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ഹോമിയോ ഡിസ്പെൻസറിയിലേക്ക് ₹1,01,666/-രൂപ മരുന്ന് മാത്രമേ ലഭ്യമായിട്ടുള്ളൂ. ബാക്കിയുള്ള ₹1,48,334/-രൂപ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.04/28.05.25) മറുപടിയായി മരുന്ന് ലഭ്യമാകുന്നതിനനുസരിച്ച് രേഖകൾ ഓഡിറ്റിന് സമർപ്പിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. മരുന്ന് ലഭിക്കുന്നമുറയ്ക്ക് ആയതിന്റെ ഇൻവോയ്സും സ്റ്റോക്ക് രജിസ്റ്ററും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ ₹1,48,334/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-29 ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് ലഭ്യമായിട്ടില്ല ₹7,00,000/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 111/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ആയുർവേദം |
| പ്രോജക്ടിന്റെ പേര് | ആയുർവേദ ആശുപത്രിക്ക് മരുന്നു വാങ്ങൽ. |
| ആകെ അടങ്കൽ തുക | ₹7,00,000/-<br>( റോഡിതരം -മെയിന്റനൻസ് ഫണ്ട് ) |
| ആകെ ചെലവ് | ₹7,00,000/- |
| ബിൽ നം./തീയതി | 364/14.02.2025 |

മെഡിക്കൽ ഓഫീസർ, ആയുർവേദം, 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ₹7,00,000/- (പ്രൊഫോർമ ഇൻവോയ്സ് നം. 231424 തീയതി 08.03.2025, PO Number : GP/1207/2024-2025) മരുന്ന് വാങ്ങുന്നതിനായി ഔഷധി ഫാർമസ്യൂട്ടിക്കൽ കോർപറേഷൻ കേരള ലിമിറ്റഡിന് നൽകിയിട്ടുണ്ട്. എന്നാൽ ആയുർവേദ ആശുപത്രിയിലേക്ക് മരുന്ന് ഒന്നും തന്നെ ലഭിച്ചിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം.12/02.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി, ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ ₹7,00,000/-രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-30 മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. നടപ്പിലാക്കിയ പദ്ധതി - മരുന്ന് ലഭ്യമായിട്ടില്ല-₹1,28,394/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം. | 30/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| പ്രോജക്ടിന്റെ പേര് | കുടുംബാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ. |
| ആകെ അടങ്കൽ തുക | ₹9,00,000/-<br>(റോഡിതരം -മെയിന്റനൻസ് ഫണ്ട് 700000/-, തനത് ഫണ്ട് 200000/-) |
| ആകെ ചെലവ് | ₹8,59,599/- |

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. 2024-25 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ മേൽ പദ്ധതിയിൽ ബിൽ നം.170/25 തീയതി 30.08.2024 പ്രകാരം ₹1,28,394/- മരുന്ന് വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡിലേക്ക് നൽകിയിട്ടുണ്ട് (പ്രൊഫോർമ ഇൻവോയ്സ് നം.PRF-825 തീയതി 02/08/2024). എന്നാൽ മരുന്ന് ഇതുവരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭിക്കുമ്പോൾ ആയതിന്റെ ഇൻവോയിസും സ്റ്റോക്ക് രജിസ്റ്ററും ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി, ഓഡിറ്റിനായി ഹാജരാക്കുന്നതുവരെ ₹1,28,394/- രൂപ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-31 വാഹന വാടകയിനത്തിൽ നൽകിയ തുകയിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - പ്രവർത്തന ചെലവുകൾ |
| പ്രോജക്ട് നം. | 40/25 |
| പ്രോജക്ട് നടപ്പിലാക്കിയ ഉദ്യോഗസ്ഥൻ | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ പദ്ധതി അടങ്കൽ | ₹15,00,000.00 |
| ആകെ പദ്ധതി ചെലവ് | ₹11,57,400.00 |
| വാടക ഇനത്തിൽ നൽകിയ തുക<br>ചെക്ക് നം./ബിൽ നം./തീയതി | തുക |
| 1) 10358/07.06.24 | 25500.00 |
| 2)10925/21.06.2024 | 58250.00 |
| 3) 10940/19.07.24 | 45900.00 |
| 4) 10954/17.08.24 | 48450.00 |

| | |
|---|---|
| 5) 10988/09.10.24 | 40800.00 |
| 6) 11005/13.11.24 | 51000.00 |
| 7)23069/16.12.24 | 53550.00 |
| 8)3827/21.01.24 | 45900.00 |
| 9) 463/13.03.25 | 104550.00 |

ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പദ്ധതിയുമായി ബന്ധപ്പെട്ട് വാഹനം ഉപയോഗിച്ച വകയിൽ ശ്രീ. ലബ്ബ ചക്യത്തിന് വാഹന വാടകയിനത്തിൽ മേൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം തുകകൾ നൽകിയിട്ടുണ്ട്. ആദായനികുതി നിയമത്തിലെ 194C വകുപ്പ് പ്രകാരം ഒരു സാമ്പത്തിക വർഷം ആകെ ഒരു ലക്ഷം രൂപയിൽ കൂടുതൽ നൽകുന്ന പേയ്മെന്റുകളിൽ നിന്ന് 1% ആദായ നികുതി ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ആദായനികുതി ഈടാക്കിയിട്ടില്ല. ഇതിനോടനുബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( എൻക്വയറി നം.18/04.06.25) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## 1-32 ലിഫ്റ്റ് ഇറിഗേഷൻ - അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽ നിന്നും തുക ചെലവാക്കുന്നു

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെപ്പറയുന്ന പ്രകാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്കായി തുക ചെലവാക്കിയിട്ടുണ്ട്.

| പ്രോജക്ട് നമ്പർ | തുക | വൗച്ചർ നമ്പർ/ തിയതി | പദ്ധതികൾ |
|---|---|---|---|
| 63/25 | 67739 | 401645/29.3.25 | മലയം കുന്ന്, പാണൽ ചിറ, മൂന്നാം പാറ, കണ്ണൻതോട്, പരിപ്പിൽ തോട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ |
| 280/25 | 49600 | 401611/20.3.2025 | കുന്നത്താംകുന്ന്, പാണൽചിറ, കരയാം പാറ ഈസ്റ്റ്, |
| സ്പിൽ ഓവർ | 149068 | 400709/12.9.24 | പരിപ്പിൽ തോട്, പുതളിച്ചിറ |

മേൽപ്പറഞ്ഞ പ്രകാരം വിവിധ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾക്ക് വേണ്ടി തുകകൾ ചെലവാക്കിയിട്ടുണ്ട്. ഈ പദ്ധതികളിലെല്ലാം ഒരുപാട് ഗുണഭോക്താക്കൾ ഉള്ളതായി കാണുന്നു. ഗുണഭോക്തൃ സമിതിയുടെ ആവശ്യപ്രകാരമാണ് ഇപ്രകാരം അറ്റകുറ്റപ്പണികൾക്കായി തുക ചെലവാക്കിയത്.

ജി.ഒ (എം.എസ്) 20/2002, തസ്വഭവ തീയതി 6.2.2002, ജി.ഒ (എം.എസ്) 40/2004, തസ്വഭവ തീയതി 31.3.2004 എന്നിവ പ്രകാരം നിർമ്മാണം പൂർത്തിയായ ജല സേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും പരിപാലനവും ഗുണഭോക്തൃ സമിതിയോ കർഷക സമിതിയോ ആണ് നടത്തേണ്ടത്. ഇതിനായി സഹകരണ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് തുടങ്ങേണ്ടതുണ്ട്. സമിതി ആവശ്യമായിടത്തോളം മാത്രം തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ ഇപ്രകാരം ഏറ്റെടുക്കുമ്പോൾ ഗുണഭോക്താക്കളിൽ നിന്ന് ചാർജ് പിരിക്കേണ്ടതുണ്ട്.

വെള്ളം മോട്ടോർ വഴി ഇറിച്ച് നൽകുന്നത് ഗുണഭോക്താക്കളിൽനിന്നും തുകകൾ ഈടാക്കിയിട്ടാണ്. അതുകൊണ്ട് തന്നെ മെയിന്റനൻസുകൾ നടത്തേണ്ടത് ഗുണഭോക്തൃ സമിതിയുടെ ഉത്തരവാദിത്വമാണ്. ഗുണഭോക്താക്കളിൽ നിന്നും തുകകൾ ഈടാക്കുന്നതിന്റെ രേഖകളും ഈ തുകകൾ ബാങ്കിൽ അടവാക്കുന്നതിന്റെ രേഖകളും ബന്ധപ്പെട്ട സമിതികൾ പഞ്ചായത്തിൽ നൽകിയിട്ടില്ല. ലിഫ്റ്റ് ഇറിഗേഷൻ പമ്പ് സ്ഥാപിച്ച് ഗുണഭോക്തൃ സമിതിക്ക് കൈമാറിയ പദ്ധതികളുടെ അറ്റകുറ്റപ്പണികൾക്ക് പഞ്ചായത്തിൽനിന്നും തുക ചെലവാക്കുന്നത് അംഗീകരിക്കാവുന്നതല്ല. ഇത് ഗുണഭോക്തൃ സമിതിയെ ഏൽപ്പിക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

## 1-33 ഹെൽത്ത് ഗ്രാന്റ് വിനിയോഗം - അവലോകനം

ആരോഗ്യ മേഖലയിലേക്ക് നൽകുന്ന പതിനഞ്ചാം കേന്ദ്ര ധനകാര്യക്കമ്മീഷൻ അവാർഡ് തുകയുടെ വിനിയോഗ മാർഗരേഖ കേന്ദ്ര ധനകാര്യ മന്ത്രാലയം 16.07.2021 ലെ 15(2) FC-XV/FCD/2020-25 നമ്പർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ മേഖലയിലേക്ക് പ്രധാനമായും 4 സ്കീമുകളിലായിട്ടാണ് അവാർഡ് തുക വിഭജനം നടത്തിയിട്ടുള്ളത്. ഈ ഗ്രാന്റ് 2021-22 വർഷം മുതൽ 2025-26 വർഷം വരെയാണ് അനുവദിക്കുന്നത്.

കറുകുറ്റി ഗ്രാമ പഞ്ചായത്തിന്റെ 4 സ്കീമുകളിലായിട്ടുള്ള ഹെൽത്ത് ഗ്രാന്റ് വിനിയോഗവിവരം താഴെ ചേർക്കുന്നു.

1. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിവരം.

| ക്രമ നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ട്ര ൻ | | 264735 | 962000 | 402000 |

| | | | | | |
|---|---|---|---|---|---|
| | പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ്<br>സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(II) പി.എച്ച്.സി. | | | | |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | | | | |
| 3 | ബിൽഡിങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | | | | |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനസ് സെന്റർ. | | 155000 | 400000 | 637000 |

2. നാളിതുവരെ ലഭിച്ച ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗ വിവരം.

| ക്രമ നം. | സ്കീം | 21-22 (₹) | 22-23 (₹) | 23-24 (₹) | 24-25 (₹) |
|---|---|---|---|---|---|
| 1 | സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(I) സബ് സെന്റേഴ്സ്<br>സപ്പോർട്ട് ഫോർ ഡയഗ്നോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ ടു ദി പ്രൈമറി ഹെൽത്ത് കെയർ ഫെസിലിറ്റീസ്.<br>(II) പി.എച്ച്.സി. | | 209055 | 533294 | 0 |
| 2 | ബ്ലോക്ക് ലെവൽ പബ്ലിക് ഹെൽത്ത് യൂണിറ്റ്. | | | | |
| 3 | ബിൽഡിങ് ലെസ്സ് സബ് സെന്റേഴ്സ്, പി.എച്ച്.സി., സി.എച്ച്.സി. | | | | |
| 4 | കൺവേർഷൻ ഓഫ് റൂറൽ പി.എച്ച്.സി. & സബ് സെന്റേഴ്സ് ഇന്റു ഹെൽത്ത് ആന്റ് വെൽനസ് സെന്റർ. | | 132114 | 28600 | 0 |

3. ഹെൽത്ത് ഗ്രാന്റ് തുക ഉപയോഗിച്ച് നടത്തിയിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങളുടെ വിവരം.

നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല

## 1-34 ജലജീവൻ മിഷൻ പദ്ധതി - പ്രവർത്തന പുരോഗതി

ജലജീവൻ മിഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് യാതൊരു പ്രവൃത്തികളും പഞ്ചായത്തിൽ നടപ്പാക്കിയിട്ടില്ല. പഞ്ചായത്ത് ഭരണ സമിതി ഇത് സംബന്ധിച്ച് തീരുമാനങ്ങൾ ഒന്നും എടുത്തിട്ടില്ല എന്നാണ് പഞ്ചായത്തിൽ നിന്നും വ്യക്തമാക്കിയിരിക്കുന്നത്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 മൊബൈൽ ടവറിന്റെ വസ്തുനികുതി - അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം ഉൾപ്പെടുത്തിയില്ല

26.02.2022 ലെ സർക്കുലർ നമ്പർ (ആർ.ഡി) 3/94/2020/തസ്വഭവ പ്രകാരം വസ്തു നികുതി നിർണ്ണയത്തിനായി മൊബൈൽ ടവറുകളുടെ തറവിസ്തീർണ്ണം കണക്കാക്കുമ്പോൾ ടവറിന്റെ തറ വിസ്തീർണ്ണം, ജനറേറ്റർ, മറ്റ് അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണ്ണം എന്നിവ ഉൾപ്പെടുത്തേണ്ടതാണ്. 2024-25 വർഷം വസ്തു നികുതി നിർണ്ണയിച്ച മൊബൈൽ ടവറിന് മേൽ സർക്കുലർ പ്രകാരം വസ്തു നികുതി നിർണ്ണയിച്ചിട്ടില്ല

BA(861)/2023 തീയതി : 03.02.2023 പെർമിറ്റ് പ്രകാരം നിർമ്മാണം പൂർത്തീകരിച്ച 13/85 B നമ്പറിംഗ് നൽകിയിട്ടുള്ള മൊബൈൽ ടവറിന്റെ കംപ്ലീഷൻ പ്ലാൻ പ്രകാരം 14.17 ച.മീ വിസ്തീർണ്ണമുള്ള മൊബൈൽ ടവർ, 6 ച.മീ (1.5 മീ X 4 മീ) വിസ്തീർണ്ണമുള്ള എക്യുപ്മെന്റ് റൂം(OD BTS) എന്നിവയാണ് സൈറ്റിൽ നിർമ്മിച്ചിട്ടുള്ളത്. ഇതിൽ മൊബൈൽ ടവറിന്റെ വിസ്തീർണ്ണം മാത്രമാണ് വസ്തു നികുതി നിർണ്ണയത്തിന് കണക്കാക്കിയിട്ടുള്ളത്. എക്യുപ്മെന്റ് റൂമിന്റെ തറവിസ്തീർണ്ണം നികുതി നിർണ്ണയിക്കുന്നതിനായി ഉൾപ്പെടുത്താത്തതിനാൽ വസ്തു നികുതി

ഇനത്തിൽ കുറവ് വന്നിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം | സഞ്ചയ പ്രകാരം വസ്തു നികുതി നിർണ്ണയിച്ച കാലയളവ് | സഞ്ചയ പ്രകാരം വിസ്തീർണ്ണം (ച.മീ) | പ്ലാൻ പ്രകാരം വിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 13/85B | 2024-25 1st Half | 14.17 | 14.17+6= 20.17 |

| | നിർണ്ണയിച്ചിട്ടുള്ളത് @ 525/ച.മീ | നിർണ്ണയിക്കേണ്ടിയിരുന്നത് @525/ച.മീ | കുറവ് |
|---|---|---|---|
| അടിസ്ഥാന വസ്തുനികുതി | 14.17x525 =7439.25 (7440) | 20.17 * 525 = 10589.25(10590) | 11120-7812= 3308 |
| ഇളവുകൾ/ വർദ്ധനവ് | ഇല്ല | ഇല്ല | |
| ലൈബ്രറി സെസ്സ് | 7440 X 5% = 372 | 10590x5%=529.5(530) | |
| ആകെ നികുതി | 7440+372=7812 | 10590+530= 11120 | |

മേൽ അപാകതകൾ വിശദീകരണമാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/30.05.2025) പ്രസ്തുത ഭവനിന് വസ്തുനികുതി നിശ്ചയിച്ചിട്ടുള്ളതിൽ വന്നിട്ടുള്ള കുറവ്, വസ്തുനികുതി പുനർനിർണ്ണയിച്ച് ഉടമയിൽ നിന്നും ഈടാക്കുന്നതാണെന്നും മറുപടി ലഭിച്ചു. പ്രസ്തുത ഭവനിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കേണ്ടതും 2024-25 വർഷത്തെ വസ്തുനികുതിയിനത്തിൽ കുറവ് വന്ന ₹3305/- (1241807240/28.03.2025 രസീത് പ്രകാരം 7815 ഒടുക്കിയിട്ടുണ്ട്) കുടിശ്ശിക ഉൾപ്പെടെ ഈടാക്കി വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 വകുപ്പ് 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 മെഡിസെപ് പ്രീമിയം- ഒടുക്ക് സംബന്ധിച്ച വിവരം

1.മെഡിസെപ് പ്രീമിയം ഒടുക്ക് (റെഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 14 | 91,000 | 91,000 | 0 | 0 |

2.മെഡിസെപ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| - | - | - | - | - | - |

3.മെഡിസെപ് പ്രീമിയം ഒടുക്ക് (01.07.2024-ന് സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റെഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള | മെഡിസെപ്പ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|

| | കുടിശ്ശിക ഉണ്ടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ)** | ഇനത്തിൽ അടക്കിയ തുക | നൽകേണ്ട തുക | |
|---|---|---|---|---|
| - | - | - | - | - |

4.മെഡിസെപ് പ്രീമിയം തുക (01.08.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഉണ്ടാകേണ്ട തുക (07/2022 മുതൽ നടപ്പിലാക്കി 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ)** | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| - | - | - | - | - | - |

5.മെഡിസെപ് പ്രീമിയം തുക (ഗ്രാമ പഞ്ചായത്തിലെ റെഗുലർ പെൻഷൻ ഗുണഭോക്താക്കൾ)

| ഓഡിറ്റ് വർഷത്തിലെ റെഗുലർ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഉണ്ടാകേണ്ട തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ അടക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| - | - | - | - | - |

## 4-2 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ തീയതി |
|---|---|---|
| 2024-25 | 2024-25 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് കണക്കുകൾ പരിശോധിച്ചിട്ടുള്ളത് | |

## 4-3 സംയുക്ത പ്രോജക്ടുകളുടെ വിവരം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ഈവർഷം ലഭിച്ച തുക (₹) | പ്രോജക്ടിന്റെ പേര് | 2024-25 ചെലവ് (₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2024-25 | 2,40,000 | 12/25 ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 2,40,000 | 0 |
| | 2024-25 | 2,10,000 | 2/25 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 2,10,000 | 0 |
| | 2024-25 | 2,80,000 | 14/25-ലൈഫ് ഭവന പദ്ധതി (ജനറൽ) | 2,80,000 | 0 |
| | 2024-25 | 15,000 | 136/25-[illegible] ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ | 15,000 | 0 |
| | 2024-25 | 75,000 | 18/25 വനിത കർഷകർക്കുള്ള സബ്സിഡി | 75,000 | 0 |
| | 2024-25 | 4,000 | 137/25 -[illegible] ഗ്രാമം | 4,000 | 0 |
| | 2024-25 | 15,00,000 | 213/25 -വാർഡ് 16 ൽ അങ്കണവാടി നിർമ്മാണം | 15,00,000 | 0 |
| | ആകെ | 23,24,000 | | 23,24,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2024-25 | 25,000 | 93/25-[illegible] വികസന പദ്ധതി | 25,000 | 0 |
| | 2024-25 | 1,60,000 | 12/25 ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1,60,000 | 0 |
| | 2024-25 | 5,00,000 | 14/25-ലൈഫ് ഭവന പദ്ധതി (ജനറൽ) | 5,00,000 | 0 |

| | | | | |
|---|---|---|---|---|
| 2024-25 | 5,37,960 | 2/25-ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | 5,37,960 | 0 |
| 2024-25 | 2,62,266 | 01/25-അങ്കണവാടി അനുപൂരക പോഷകാഹാര പരിപാടി | 2,62,266 | 0 |
| 2024-25 | 10,000 | 136/25-പ്രസ്സ് ഹോൾഡർ ക്ലിനിക്കിലേക്ക് മരുന്ന് വാങ്ങൽ | 10,000 | 0 |
| 2024-25 | 1,000 | 137/25 -ശിശു ഗ്രാമം | 1,000 | 0 |
| 2024-25 | 1,25,000 | 18/25 ക്ഷീര കർഷകർക്കുള്ള സബ്സിഡി | 1,25,000 | 0 |
| 2024-25 | 1,25,000 | 173/25 ക്ഷീര കർഷകർക്കുള്ള സബ്സിഡി(സ്പിൽ ഓവർ) | 1,25,000 | 0 |
| 2024-25 | 9,00,000 | 216/25 മീനം പറത്തപ്പുറം റോഡ് റീടാറിംഗ് | 9,00,000 | 0 |
| 2024-25 | 5,00,000 | 216/25 പാലാട്ടുകുന്ന് അംഗനവാടി എസ്.സി കോളനി തെക്കേപ്പുറം ബൈപ്പാസ് റോഡ് അറ്റകുറ്റപ്പണികൾ | 5,00,000 | 0 |
| 2024-25 | 5,00,000 | 143/25 കപ്പലണ്ടി മുക്ക് ബസ്സ്റ്റോപ്പ് കോമ്പൗണ്ട് പാലിയേറ്റീവ് ലിങ്ക് റോഡ് നിർമ്മാണം | 5,00,000 | 0 |
| 2024-25 | 5,00,000 | 187/25 വാർഡ് 2 -തിരുമലപ്പുറം തോട് കെട്ടി സംരക്ഷണം | 5,00,000 | 0 |
| 2024-25 | 2,75,249 | 167/25- അംഗനവാടി നമ്പർ 97 കെട്ടിടം വനിത വികസനകേന്ദ്രം നിർമ്മാണം | 2,75,249 | 0 |
| 2024-25 | 4,39,736 | 207/25-പറമ്പിൽമുക്ക് കനാൽബണ്ട് എസ്.സി കോളനി റോഡ് കെട്ടി സംരക്ഷണം | 4,39,736 | 0 |
| ആകെ | 48,61,211 | | 48,61,211 | 0 |

## 4-4 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കുകൾക്ക് നൽകിയ തുകയുടെ വിവരം താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 293/25-ശുദ്ധജല കുടിവെള്ള പൈപ്പ് ലൈൻ എക്സ്റ്റൻഷൻ വാർഡ് 6 | 42401351/ 11.03.2025 | 3,00,000 | 0 | 3,00,000 |
| -- | 370/25-ആലത്തറ കുടിവെള്ള പദ്ധതി പ്രവൃത്തികൾവാർഡ് 17 | 42401379/ 21.03.25 | 15,00,000 | 0 | 15,00,000 |
| -- | 372/25-ആലത്തറ കുടിവെള്ള പദ്ധതി പ്രവൃത്തികൾവാർഡ് 17 | 42401463/ 29.03.25 | 20,19,600 | 0 | 20,19,600 |
| ആകെ | | | 38,19,600 | 0 | 38,19,600 |
| കെ.എസ്.ഇ.ബി | ഇലക്ട്രിക് പോസ്റ്റ് ഷിഫ്റ്റിംഗ് | 22401125/ 28.12.2024 | 15087 | 0 | 15087 |
| -- | 46/25-സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 42401464/ 29.03.25 | 3,18,212 | 0 | 3,18,212 |
| -- | -- | 42401469/ 29.03.25 | 12,67,970 | 0 | 12,67,970 |

| | | | | | |
|---|---|---|---|---|---|
| " | 284/25-സ്ട്രീറ്റ് ലൈറ്റ് എക്സ്റ്റൻഷൻ | 42401331/ 11.03.25 | 1,66,911 | 0 | 1,66,911 |
| ആകെ | | | 17,68,180 | 0 | 17,68,180 |

## 4-5 കണ്ടിൻജൻസി അഡ്വാൻസ്

തൻവർഷം കണ്ടിൻജൻസി അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,80,45,261* |
| തൻവർഷം നിക്ഷേപിച്ച തുക | 70,00,000 |
| പലിശ | 10,06,118 |
| ആകെ | 2,60,51,379 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 20,00,000 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 2,40,51,379 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്) | നിക്ഷേപിച്ച തീയതി | കാലയളവ് | തുക | ലഭിച്ച പലിശ |
|---|---|---|---|---|---|
| 1 | യൂണിയൻ ബാങ്ക്- 327628 | 29.11.2024 | 1 വർഷം | 35,80,690 | 2,11,914 |
| 2 | യൂണിയൻ ബാങ്ക്- 327629 | 29.11.2024 | " | 35,80,690 | 2,11,914 |
| 3 | സൗത്ത് ഇന്ത്യൻ ബാങ്ക്-3974 | 26.07.2024 | " | 33,86,122 | 2,14,561 |
| 4 | സൗത്ത് ഇന്ത്യൻ ബാങ്ക്-3975 | 26.01.2025 | 6 മാസം | 11,27,804 | 53,992 |
| 5 | സൗത്ത് ഇന്ത്യൻ ബാങ്ക്-3976 | 26.01.2025 | 6 മാസം | 11,27,804 | 53,992 |
| 6 | സൗത്ത് ഇന്ത്യൻ ബാങ്ക്-0637101000004789 | 30.09.2024 | 366 ദിവസം | 32,16,194 | 2,16,194 |
| 7 | ബാങ്ക് ഓഫ് ബറോഡ-62590300002388 | 05.11.2024 | 12 മാസം | 10,81,519 | 81,519 |
| 8 | ബാങ്ക് ഓഫ് ബറോഡ-62590300002690 | 20.07.2024 | 399 ദിവസം | 50,00,000 | |
| 9 | സൗത്ത് ഇന്ത്യൻ ബാങ്ക്-5312 | 01.07.2024 | 400 ദിവസം | 20,00,000 | |
| | ആകെ | | | 2,41,00,823 | 679215 |

കഴിഞ്ഞ 2023-24 ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-12 പ്രകാരം ₹1,86,70,738/-ആണ് സ്ഥിരനിക്ഷേപം ഇനത്തിൽ 31/3/24 ലെ നീക്കിയിരിപ്പ് നിക്ഷേപമായി ചേർത്തിട്ടുള്ളത്. അപാകത പരിഹരിക്കണമെന്ന് മുൻ റിപ്പോർട്ടിൽ പരാമർശമുണ്ടെങ്കിലും ആയത് നിലവിലും പരിഹരിച്ചിട്ടില്ല. മുൻ ഓഡിറ്റ് റിപ്പോർട്ട് പ്രകാരമുള്ള നീക്കിയിരിപ്പാണ് തുടർവർഷത്തെ സ്ഥിരനിക്ഷേപ നീക്കിയിരിപ്പായി കണക്കാക്കിയിട്ടുള്ളത്. സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകളുടെ ഭൗതിക പരിശോധനയിൽ കണ്ടെത്തിയതനുസരിച്ചുള്ള വിവരങ്ങളാണ് മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ വാർഷിക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 4-7 വായ്പ/ വായ്പാ തിരിച്ചടവ്

| ക്രമ നം. | വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ /തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം എടുത്ത വായ്പ | ആകെ | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ |
|---|---|---|---|---|---|---|---|---|

| | | | | ബാക്കിയുണ്ടായിരുന്ന തുക | | | മുതൽ | പലിശ | ബാക്കിയുള്ള തുക |
|---|---|---|---|---|---|---|---|---|---|
| 1 | കെ.യു.ആർ.ഡി.എഫ്.സി. ലോൺ | സ.ഉ(എം.എസ്) നം. 68/2018/ തസ്വഭവ തീയതി 18.05.2018 | 77,42,102 | 0 | 77,42,102 | 77,42,102 | 6,66,917 | | 70,75,185 |

വികസനഫണ്ടിൽ നിന്നും വായ്പ മുതൽ തിരിച്ചടവ് ഇനത്തിൽ ഉറവിടത്തിൽ നിന്ന് കുറവ് ചെയ്ത തുകയുടെ വിവരം

| പ്രോജക്ട് നമ്പർ | പ്രോജക്ടിന്റെ പേര് | തുക(₹) |
|---|---|---|
| 422/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) ഒന്നാം ഗഡു | 247199 |
| 424/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ) മൂന്നാം ഗഡു | 247200 |
| 423/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) ഒന്നാം ഗഡു | 86259 |
| 425/25 | ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (എസ്.സി.പി) മൂന്നാം ഗഡു | 86259 |
| | ആകെ | ₹666917 |

## 4-8 ഓഡിറ്റ് ഫീസ്

ഇല്ല

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2.3 | 2016-17 | 2 | തൊഴിൽ നികുതി | നിലനിൽക്കുന്നു |
| 2015-16 | 2.1 | 2016-17 | 2 | - | - |

## 4-10 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | ₹7,28,94,567.00 |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹7,51,40,435.00 |
| വരവിനങ്ങളിലുള്ള നഷ്ടം | 3,305.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 67,61,041.00 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 2-1 | 3305 | ശ്രീ. അബ്ദുൾ ഹക്കീം, ലൈബ്രേറിയൻ |
| | 3305 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-18 | 40000 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 1-20 | 1586182 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 1-22 | 3519600 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 1-23 | 78755 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 1-24 | 300000 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 1-26 | 259776 | ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി |
| 1-28 | 148334 | ഡോ. സമീർ ആഹമ്മദ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 1-29 | 700000 | ഡോ. രാജേന്ദ്രൻ എം. എ., മെഡിക്കൽ ഓഫീസർ, ആയുർവേദം |
| 1-30 | 128394 | ഡോ. ഗ്രീഷ്മ എസ് നായർ, മെഡിക്കൽ ഓഫീസർ |
| ആകെ | 67,61,041 | |

(സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നികത്തപ്പെടുന്നതിന് കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. യു. അബ്ദുൾ ഹക്കീം, സെക്രട്ടറി | സെക്രട്ടറി, കറുകുറ്റി ഗ്രാമ പഞ്ചായത്ത് | സുലൈഹത്ത് മൻസിൽ, ചന്തപ്പുര, വടക്കേക്കര പി ഒ പറവൂർ |
| ഡോ. ഗ്രീഷ്മ എസ് നായർ മെഡിക്കൽ ഓഫീസർ (പി എച്ച് സി ) | മെഡിക്കൽ ഓഫീസർ (പി എച്ച് സി) കറുകുറ്റി ഗ്രാമപഞ്ചായത്ത് | ശ്രീരാഗം, എടത്തല പി ഒ കീഴ്മാട് , ആലുവ |
| ഡോ. രാജേന്ദ്രൻ എം എ, മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ ആയുർവേദം | നടേപ്പിള്ളി ഹൗസ്, മരോട്ടിച്ചുവട്, കാലടി |
| ഡോ. സമീർ ആഹമ്മദ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | ചേറുകണ്ടത്ത് വീട്, ടി ബി ജംഗ്ഷൻ, അങ്കമാലി |

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | എൽ.എഫ്.ഇ.പി-4- 310/99/05.12.00 | 1 |
| 1998-99 | എൽ.എഫ്.ഇ.പി-4-287/99/05.12.00 | 17 |
| 1999-00 | എൽ.എഫ്.ഇ-പി-4-36/05/29.08.05 | 27 |
| 2000-01 | എൽ.എഫ്.ഇ-പി-4-893/09/12.03.10 | 3 |
| 2001-02 | എൽ.എഫ്.ഇ-പി-4-894/09/12.03.10 | 11 |
| 2002-03 | എൽ.എഫ്.ഇ-പി-4-895/09/12.03.10 | 3 |
| 2003-04 | എൽ.എഫ്.ഇ-പി-4-896/09/12.03.10 | 7 |
| 2004-05 | എൽ.എഫ്.ഇ-പി-4-897/09/12.03.10 | 6 |
| 2005-06 | എൽ.എഫ്.ഇ-പി-4-898/09/12.03.10 | 20 |
| 2006-07 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 |

| | | |
|---|---|---|
| 2007-08 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 |
| 2008-09 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 1 |
| 2009-10 | എൽ.എഫ്.ഇ-പി-4-1523/12/09.07.12 | 7 |
| 2010-11 | എൽ.എഫ്.ഇ-പി-4- 2027/12/10.05.13 | 9 |
| 2011-12 | എൽ.എഫ്.ഇ-പി-4- 19/2014/21.01.14 | 2 |
| 2012-13& 2013-14 | എൽ.എഫ്.ഇ-പി-4- 350/15, 21.2.15 | 8 |
| 2014-15 | കെ.എസ്.എ.ഇ.കെ.എം(പി.4)1174/2016 തീയതി 16/7/2016 | 13 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി.13)1986/2016 തീയതി 15/12/2016 | 5 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി13)1521/2017, തീയതി.18.9.17 | 10 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി13)144/2019, തീയതി.08.03.19 | 25 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി13)131/20, തീയതി 3.3.20 | 13 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി13)1280/21, തീയതി 10.1.22 | 33 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി13)1281/21, തീയതി 10.1.22 | 17 |
| 2021-22 | കെ.എസ്.എ.ഇ.കെ.എം(പി13)1733/22, തീയതി 06.12.2022 | 20 |
| 2022-23 | കെ.എസ്.എ.ഇ.കെ.എം(പി13)1510/23, തീയതി 05.12.2023 | 38 |
| 2023-24 | കെ.എസ്.എ.ഇ.കെ.എം(പി13)1137/24, തീയതി 05.12.2025 | 20 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 2/1 dated 12-05-2025 and submitted on 24-05-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03- 2025 , with supporting forms, of the Karukutty Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, Kerala Local Fund Audit Act 1994, Kerala Local Fund Audit Rules 1996, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given.

## Qualified opinion

I certify that, subject to my observations in the appended report and audit report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2024-2025 and Financial position of Karukutty Grama Panchayat as on 31-03-2025

Date: 25/06/2025

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Karukutty Grama Panchayat for the Year 2024-2025 .**

**I.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information.

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The asset value shown in Balance sheet is not traceable to asset register due to unsupported design

of existing asset register.

4. Non inclusion of Notes to Accounts in Financial statements and non disclosure of material facts.

[illegible]

1. Discrepancy in Cash Flow statement.

2. Advance and Deposit registers are not maintained.

3. Closing balance of fixed deposit differs with the Annual financial statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ കറുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്